# ചക്രദത്തം: ക്രിയാക്രമങ്ങൾ

**ഡോ. അരുൺകുമാർ**

വേദിയിലും സദസ്സിലും ഇരിക്കുന്ന ഗുരുജനങ്ങളെ, വിദ്യാർത്ഥീ വിദ്യാർത്ഥിനികളെ, ചക്രദത്തത്തിലെ ശോധന ചികിത്സയെ കുറിച്ചാണ് നമുക്കിവിടെ സംസാരിക്കുവാനുള്ളത്. ഇതുവരെ നമ്മൾ, ചക്രദത്തത്തിലെ ശമനചികിത്സ, ചക്രദത്തം എന്ന ഗ്രന്ഥം എങ്ങനെ പരിശോധിക്കണം തുടങ്ങിയവ ഡോ. മനോജ് വിശദമായി പറയുകയുണ്ടായി. ഇവിടെ ഞാൻ സംസാരിക്കാൻ പോകുന്നത് ചക്രപാണിയാൽ എഴുതപ്പെട്ടിട്ടുള്ള ചക്രദത്തത്തിലെ ശോധന ചികിത്സയെക്കുറിച്ചുള്ള ഭാഗങ്ങൾ മാത്രമാണ്. ഈ വിഷയത്തിലേക്ക് കടക്കുന്നതിന് മുമ്പ് ഈയൊരു മഹത്തായ പാരമ്പര്യത്തിന്റെ ഭാഗമാകാൻ എനിയ്ക്ക് അവസരം തന്നതിന് എസ്.എൻ.എ.യുടെ അധികാരികളോട് ഞാൻ ആദ്യമേ നന്ദി പറഞ്ഞുകൊള്ളുന്നു.

ഗ്രന്ഥകർത്താവിന്റെ പശ്ചാത്തലവും ആ കാലഘട്ടത്തിന്റെ പ്രസക്തിയെ കുറിച്ചും വളരെ ചുരുക്കി പറഞ്ഞുകൊണ്ട് ഞാൻ തുടങ്ങാം. വളരെ വിശദമായി തന്നെ ഡോ. മനോജ് പറയുകയുണ്ടായി, എങ്കിലും, ഒരു ശോധന പ്രസക്തമായിട്ടുള്ള ഗ്രന്ഥം പരിശോധിക്കുമ്പോൾ അതിലെ ശോധനത്തിന്റെ ഭാഗങ്ങളെ എങ്ങനെ ക്രോഡീകരിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കാൻ വേണ്ടി ആ ഗ്രന്ഥകർത്താവിന്റെ കാലവും ആ ഗ്രന്ഥം എഴുതേണ്ട സാഹചര്യവും വളരെ വിശദമായി മനസ്സിലാക്കേണ്ടതുണ്ട്. ശ്രീ. ചക്രപാണിദത്തനാൽ എഴുതപ്പെട്ടതാണ് ചക്രദത്തം. ചക്രപാണി ആയുർവ്വേദത്തിന് വേണ്ടി നടത്തിയിട്ടുള്ള സംഭാവനകൾ എന്താണെന്നു ചോദിച്ചാൽ ചരകസംഹിതക്ക് വളരെ പ്രസിദ്ധമായ ആയുർവ്വേദ ദീപിക എന്നുള്ള വ്യാഖ്യാനം ഇദ്ദേഹത്തിന്റേതാണെന്ന് നമുക്കറിയാം. ഇതുകൂടാതെ തന്നെ സുശ്രുതസംഹിതക്ക് ഭാനുമതി എന്നുള്ള ഒരു വ്യാഖ്യാനവും ഇദ്ദേഹം എഴുതിയിട്ടുണ്ട്. ഈ രണ്ട് വ്യാഖ്യാനങ്ങളിലൂടെയും ആയൂർവ്വേദത്തിന്റെ സമഗ്രമായ സിദ്ധാന്തങ്ങളെ മുഴുവൻ വളരെ വിശദമായി ചർച്ച ചെയ്തിട്ടുള്ള ചക്രപാണി, ചക്രദത്ത ഗ്രന്ഥത്തിൽ വരുമ്പോൾ ശോധന പ്രസക്തമായ ഭാഗങ്ങളിൽ സിദ്ധാന്തത്തിൽ അധിഷ്ഠിതമായ ഒരു ചർച്ച നടത്തിയിട്ടില്ല. ഇത് എന്തുകൊണ്ടാണ് എന്ന് പരിശോധിച്ച് കൊണ്ടുവേണം ഈ ഗ്രന്ഥത്തിലേയ്ക്ക് കടക്കാൻ. ഗ്രന്ഥം പരിശോധിയ്ക്കേണ്ട രീതിയെക്കുറിച്ച് ചക്രദത്തത്തിൽ വളരെ വിശദമായിതന്നെ പറഞ്ഞിട്ടുണ്ട്. ഉദാഹരണത്തിന്

> ''അതശ്ചപ്രകൃതം ബുദ്ധ്വാ ദേശകാലാന്തരാണിച
> ഗന്ഥകർത്തൃം അഭിപ്രായാൻ ഉപായാംശ്ചാർത്ഥമാദിശേത്''

എന്ന് വളരെ വ്യക്തമായി തന്നെ പറഞ്ഞിരിക്കുന്നു. പ്രകൃതം എന്നു പറയുമ്പോൾ സന്ദർഭം അഥവാ സാഹചര്യം. ഈ ഗ്രന്ഥം എഴുതേണ്ടി വന്നിട്ടുള്ള സന്ദർഭം അഥവാ സാഹചര്യം എന്താണ് എന്നുള്ളതാണ് ആദ്യമായിട്ട് മനസ്സിലാക്കേണ്ടത്. ഈ ഗ്രന്ഥമെഴുതുന്ന സാഹചര്യത്തെക്കുറിച്ച് ചക്രപാണി തന്നെ ഗ്രന്ഥാദ്യത്തിൽ പറയുന്നുണ്ട്.

> ''നാനായുർവ്വേദ വിഖ്യാത സദ്യോഗ ചക്രപാണിനാ
> ക്രിയതേ സംഗ്രഹോ ഗൂഢവാക്യബോധക വാക്യവാൻ''

ആ നാട്ടിൽ ആ കാലഘട്ടത്തിൽ പ്രചാരത്തിലുണ്ടായിരുന്ന പ്രത്യക്ഷ ഫലങ്ങളായിട്ടുള്ള ചെറിയ ചെറിയ യോഗങ്ങളെ ക്രോഡീകരിക്കാൻ വേണ്ടിയാണ് ചക്രദത്തം എഴുതപ്പെട്ടിട്ടുള്ളത്. അങ്ങനെ പറയുമ്പോൾ ശോധന ചികിത്സക്ക് അത്രകണ്ട് പ്രാധാന്യം ചക്രപാണി ഇതിൽ കൊടുത്തിട്ടില്ല എന്നുള്ളത് മനസ്സിലാക്കാം. പ്രായോഗികമായി ചികിത്സക്ക് ഉപയോഗപ്പെടുന്ന നാട്ടറിവുകളും കൂടെ ചേർത്ത് കൊണ്ടുള്ള ഒരു ചികിത്സാ സംഗ്രഹം എന്ന വാക്കിനെ അന്വർത്ഥമാക്കുന്ന ഒരു സംഹിത യാണ് ചക്രദത്തം എന്നാണ് എനിക്ക് പറയുവാനുള്ളത്.

ഇതുകൂടാതെ, ചക്രദത്തത്തിന്റെ മറ്റു സംഭാവനകളെക്കുറിച്ച് ആലോചിക്കുന്നതിന് മുമ്പ് ചക്ര പാണി ആയുർവ്വേദ ദീപിക എന്ന ചരകത്തിന്റെ വ്യാഖ്യാനവും ഭാനുമതി എന്ന സുശ്രുതത്തിന്റെ വ്യാഖ്യാനവും എഴുതപ്പെട്ടിട്ടുണ്ടെന്ന് നമുക്കറിയാം. ഈ രണ്ട് ഗ്രന്ഥങ്ങളിലൂടെയും, ധന്വന്തരീ സമ്പ്രദാ യത്തിലും ആത്രേയ സമ്പ്രദായത്തിലും ഉള്ള ഒട്ടുമുക്കാലും എല്ലാ ചികിത്സാ തത്വങ്ങളെക്കുറിച്ചും, വളരെ വിശദമായി തന്നെ ചക്രപാണി പറഞ്ഞു എന്ന് ഞാൻ മുമ്പേ സൂചിപ്പിച്ചു. എങ്കിലും ചക്രദത്തം എന്ന ഗ്രന്ഥത്തിലേക്ക് വരുമ്പോൾ ഈ പഞ്ചകർമ്മ ഭാഗങ്ങളുടെ വിവരണം വളരെ ശുഷ്കവും സംക്ഷിപ്തവുമാണ്. പ്രകൃതം എന്നു പറയുമ്പോൾ സന്ദർഭം അഥവാ സാഹചര്യം. ഈ ഗന്ഥം എഴുതി യിട്ടുള്ള സാഹചര്യം ശോധന ചികിത്സയെ കുറിച്ച് ആധികാരികമായി ഒരു ഗ്രന്ഥമെഴുതുക എന്നുള്ളതി നുപരിയായിട്ട് ആ നാട്ടിൽ പ്രചാരത്തിലുണ്ടായിരുന്ന ഒരു ചികിത്സാപ്രധാനമായിട്ടുള്ള പ്രത്യക്ഷ ഫല ദർശനങ്ങളായിട്ടുള്ള യോഗങ്ങളെ ക്രോഡീകരിക്കുക എന്നുള്ള ഉദ്ദേശമായിരുന്നു.

അതശ്ച പ്രകൃതം ബുദ്ധ്വാ കഴിഞ്ഞിട്ട് ദേശകാലാന്തരാണിച എന്നുള്ള ഒരു പ്രസ്താവന കൂടിയു ണ്ട്. ദേശം, കാലാന്തരങ്ങൾ, ഈ ദേശം എന്തായിരിക്കാം, ചക്രപാണി ഗൗഡദേശത്തെ ഒരു രാജാവിന്റെ മഹാനസാധികാരിയായിരുന്ന ശ്രീനാരായണ ദത്തരുടെ മകനാണ്. ഇതിൽ ഗൗഡദേശം എന്നുള്ളത് വളരെ പ്രത്യേകമായിട്ട് ആലോചിക്കണം. എന്തുകൊണ്ടെന്നുവെച്ചാൽ, ഞാൻ വീണ്ടുമൊരു ഇതിഹാസ ത്തിലേക്ക് കടക്കുകയല്ല. നമ്മൾ ശോധന പ്രധാനമായി ഒരു ബുക്ക് നോക്കുമ്പോൾ ശോധനത്തിന്റെ ഭാഗം വളരെ സംക്ഷിപ്തമായി പോയത് എന്തുകൊണ്ടാവാം എന്നുള്ള ഒരു ആലോചനയാണ് ഞാൻ നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നത്.

ഗൗഡദേശം എന്നുള്ളത് ഭാരതത്തിന്റെ കിഴക്കൻ മേഖലയായ ബംഗാൾ, ഒറീസ തുടങ്ങിയ ഭൂപ്ര ദേശങ്ങൾ അടങ്ങുന്ന ഭാഗമാണെന്ന് നമുക്കറിയാം. ഈ ദേശത്തുള്ള കാലാവസ്ഥ ഒരുപക്ഷേ ശോധന ചികിത്സയെ സാധൂകരിക്കാത്തതായിരുന്നിരിക്കണം എന്നു വേണം മനസ്സിലാക്കാൻ. കാരണം, ചരക സംഹിത നോക്കുമ്പോൾ,

''വാതാതപ വിശുഷ്കാശ്ച യേ ച കർമ്മപരാ നരാഃ
അദ്ധ്വയാന വിശുഷ്കാശ്ച തം ന സംശോധയേത് ഭിഷക്''

എന്നെടുത്തു പറഞ്ഞിരിക്കുന്നു. വളരെ ശ്രദ്ധിക്കേണ്ട ഒരു വസ്തുത വാതാതപ വിശുഷ്കാശ്ച - ഈ ദേശത്തെ വാതാധിക്യമുള്ള ജാംഗലം എന്നു വേണമെങ്കിൽ പറയാം. വാതാധിക്യത്തിൽ വളരെ പ്രശ സ്തിയുള്ള ഒരു ദേശത്ത് യേച കർമ്മപരാ നര വളരെയധികം സന്തർപ്പണ ജനിതമായ രോഗങ്ങളുണ്ടാ വാൻ സാഹചര്യമില്ലാത്ത ജീവിതശൈലിയുള്ള ഒരു നാട്ടിൽ, അദ്ധ്വയാന വിശുഷ്കാശ്ച - ധാരാളം ശാ രീരികമായി അധ്വാനിക്കുന്ന ഒരു ജനവിഭാഗത്തിന്റെ ഇടയിൽ അവർക്ക് ശോധനത്തിന് ആവശ്യമുള്ള ത്രയും ദോഷോത്ക്ലേശങ്ങൾ ഉണ്ടാവുന്നില്ല എന്നുതന്നെയാണ് മനസ്സിലാക്കേണ്ടത്.

ഈ ഗൗഡദേശത്തിന്റെ ഒരു കാലാവസ്ഥാ പ്രത്യേകതയും കൂടെ ഈ ഗ്രന്ഥത്തിൽ നമ്മൾ മന സ്സിലാക്കേണ്ടതുണ്ട്. കാരണം, ഗ്രന്ഥത്തിൽ ശോധന പ്രസക്തമായ ഭാഗങ്ങൾ വളരെ ശുഷ്ക്കവും സംക്ഷിപ്തവുമാണ്. മറ്റ് രണ്ട് ഗ്രന്ഥങ്ങളിലൂടെയും പഞ്ചകർമ്മത്തെപ്പറ്റി വളരെ വിശദമായി സംസാരിച്ച ചക്രപാണി സ്വന്തം ഗ്രന്ഥത്തിലേക്ക് വരുമ്പോൾ, ചക്രദത്തത്തിലേക്ക് വരുമ്പോൾ ഈയൊരു വ്യതി യാനം കൂടെ ഉള്ളതു കൊണ്ടായിരിക്കണം വളരെ ശുഷ്കമായ വിവരണത്തിലൂടെ അവസാനിപ്പിക്കാൻ ശ്രമിച്ചത്.

ഇതേ ഉദാഹരണത്തിൽ നമ്മൾ ആലോചിക്കേണ്ടത്, നമ്മുടെ കേരളീയമായ ചികിത്സാ ഗ്രന്ഥ ങ്ങളായ മഞ്ജരി, യോഗാമൃതം അഥവാ സർവ്വരോഗ ചികിത്സ എന്നിവ പരിശോധിക്കുമ്പോൾ ഇതിലും ശോധന പ്രസക്തമായ ഭാഗങ്ങൾക്ക് അത്രകണ്ട് പ്രസക്തിയില്ല എന്നു തന്നെയാണ് മനസ്സിലാക്കേണ്ടത്. ഈയൊരു കാലാവസ്ഥ വ്യതിയാനങ്ങൾ തന്നെയായിരിക്കണം കാരണം. നമുക്കറിയാം കേരളത്തിലെ കാലാവസ്ഥയിൽ വസന്തത്തിൽ വമനത്തിന് വേണ്ടത്ര ഉള്ളൊരു ശ്ലേഷ്മകോപം നമ്മൾ കണ്ടുവരുന്നി ല്ല. അതുപോലെ തന്നെ വിരേചനം ആവശ്യമായിട്ടുള്ളത്ര ഒരു പിത്തകോപം നമ്മൾ ശരത്തിലും കാണു ന്നില്ല. അങ്ങനെയിരിക്കെ ആനുകാലികങ്ങൾ ആയിട്ടുള്ള നമ്മുടെ വൈദ്യപാരമ്പര്യവും ഉൾക്കൊള്ളുന്ന ഗ്രന്ഥങ്ങളിൽ ശോധന ചികിത്സക്ക് സ്വാഭാവികമായും പ്രസക്തി കുറഞ്ഞിട്ടുണ്ട് എന്നുള്ളതും വളരെ വ്യക്തമാണ്. ഈ രണ്ട് കാര്യവും മനസിൽ ഓർത്തുകൊണ്ടു വേണം നമ്മൾ ചക്രദത്തത്തിലെ ശോധന സംബന്ധമായ ഭാഗങ്ങളെക്കുറിച്ച് പരിശോധിക്കാൻ.

ചക്രദത്തത്തിന്റെ കാലഘട്ടം ഉദ്ദേശം പതിനൊന്നാം നൂറ്റാണ്ടു തന്നെയായിരിക്കണം എന്നാണ് മനസ്സിലാവുന്നത്. ചക്രപാണി ചക്രദത്തത്തിലൂടെ ശോധന ചികിത്സയെ ആനുകാലിക പ്രസക്തമായി ഒരു പുനഃസംസ്കരണം ചെയ്യാനോ അന്യതന്ത്ര വിരോധങ്ങളെ പരിഹരിക്കാനോ ഉള്ള ശ്രമം നടത്തിയി ട്ടില്ല എന്നുള്ളത് വളരെ വ്യക്തമാണ്. ഇതിനൊരു ശ്രമവും നടത്താതെ ഏറ്റവും പ്രായോഗികമായി പഞ്ച കർമ്മ ചികിത്സയെ ക്രോഡീകരിച്ച് വളരെ സംക്ഷിപ്തമായിട്ടുള്ള ഒരു വിവരണമാണ് നമുക്ക് ചക്രദത്ത ത്തിൽ ശോധന ചികിത്സയിൽ കാണാൻ പറ്റുന്നത്.

ഞാൻ മുമ്പ് സൂചിപ്പിച്ച പോലെ സംഹിത ഗ്രന്ഥങ്ങളെ പൂർണ്ണമായി അംഗീകരിച്ചു കൊണ്ടും പല സ്ഥലങ്ങളിലും ഉപരിഗ്രന്ഥങ്ങളിൽ അതായത് ചരക സുശ്രുത വാഗ്ഭടങ്ങളെ പദാനുപദം അനുക രിച്ചു കൊണ്ടുമാണ് ചക്രദത്തം രചന നടത്തിയിട്ടുള്ളതെന്നും നമുക്ക് കാണാവുന്നതാണ്.

പിന്നെ പ്രത്യേകിച്ച് എടുത്തു പറയേണ്ടത് ശോധന ചികിത്സയെക്കുറിച്ചുള്ള ഭാഗങ്ങൾ സുശ്രുത സംഹിതയെ അനുകരിച്ച് രസായനങ്ങൾക്ക് ശേഷമുള്ള ഏഴ് അധ്യായങ്ങളായാണ് പറഞ്ഞിട്ടുള്ളത്. സ്നേഹനം, സ്വേദനം, വമന വിരേചനങ്ങൾ (വമനവിരേചനങ്ങൾ സംഹിതാഗ്രന്ഥങ്ങളിൽ ഒന്നിച്ച് പറ ഞ്ഞിരിക്കുന്നതെങ്കിലും ചക്രദത്തത്തിൽ വമനം, വിരേചനം എന്ന രണ്ടദ്ധ്യായങ്ങളായിട്ട് പറഞ്ഞിരിക്കു ന്നു.) അനുവാസനം, ആസ്ഥാപനം, നസ്യം എന്നിങ്ങനെ ഏഴ് അധ്യായങ്ങളിലായിട്ടാണ് പഞ്ചകർമ്മസംബ ന്ധമായിട്ടുള്ള ഭാഗങ്ങൾ പറഞ്ഞിട്ടുള്ളത്.

സ്നേഹനപ്രകരണം പരിശോധിക്കുകയാണെങ്കിൽ വിവിധ തരത്തിലുള്ള സ്നേഹങ്ങൾ, അവ യുടെ ഉപയോഗഅർഹന്മാർ, ഋതു അനുസാരണമുള്ള സ്നേഹയോഗം എന്നിവ അഷ്ടാംഗഹൃദയ ത്തിനെ അനുകരിച്ചു വിവരിച്ചിരിക്കുന്നു. വ്യത്യസ്തമെന്ന് തോന്നാവുന്നത് ശോധന ചികിത്സക്ക് പൂർവ്വ കർമ്മമായിട്ടുള്ള അച്ഛപാനം വിവരിക്കുന്ന സമയത്ത്,

''സ്നേഹസാത്മ്യ ക്ലേശസഹേ കാലേ നാത്യുഷ്ണശീ
തളൈ
അച്ഛമേവ പിബേത് സ്നേഹം അച്ഛപാനം ഹി
ഭോജിതം''

ഇതാണ് ചരകന്റെയും അഷ്ടാംഗഹൃദയകാരന്റേയും അഭിപ്രായം. എന്നാൽ ചക്രദത്തത്തിലേക്ക് വരുമ്പോൾ ഇതുമാറ്റി ''ദൃഢ കാലേച ശീതളെ'' എന്നു കാണുന്നു. സ്വാഭാവികമായിട്ടും ആദ്യം ഇത് വായിച്ചപ്പോഴുണ്ടായ ഒരു സംശയം ഇതൊരു പാഠഭേദമാണോ എന്നുള്ളതാണ്. കാരണം, ഛന്ദസ്സ് വ്യത്യാസപ്പെട്ടിട്ടില്ല, വൃത്തത്തിൽ വ്യത്യാസമില്ല. അപ്പോ ''ദൃഢകാലേ ച ശീതളെ'' എന്നുള്ളത് ഒരു പാഠഭേദമാണോ എന്നാണ് ആദ്യം സംശയം ഉണ്ടായത്. വീണ്ടും നിശ്ചലകാരന്റെ രത്നപ്രഭവ്യാഖ്യാനവും ശിവദാസസേനന്റെ തത്വതന്ത്രിക വ്യാഖ്യാനവും നോക്കിയതിൽ നിന്ന് ഈ വ്യത്യാസം ഒരു പാഠഭേദമല്ല എന്നു മനസ്സിലാക്കാൻ പറ്റി. അപ്പോൾ മുമ്പ് നമ്മൾ സൂചിപ്പിച്ച ഒരു കാലാവസ്ഥ വ്യതിയാനമായിരിക്കണം ഈയൊരു വ്യത്യാസം എടുത്തു പറയാനുള്ള ഒരു കാരണം. നമുക്കറിയാം അച്ഛമായിട്ടുള്ള സ്നേഹപാനം ഉത്ക്ലേശനത്തിലാണ്. ഉത്ക്ലേശനത്തിന് സ്വസ്ഥരിൽ ചെയ്യുമ്പോൾ (വ്യാധിതന് ഏത് കാലാവസ്ഥയിലും ചെയ്യാമെന്ന് വിധിയുണ്ട്) - ''നാത്യുഷ്ണശീതളൈ'' എന്നുള്ള കാലം തന്നെയാണ് ഉത്ക്ലേശനത്തിന് ഏറ്റവും നല്ലത്. എന്നാൽ, ഗൗഡദേശത്തെ ഒരു പ്രത്യേക കാലാവസ്ഥയായിരുന്നിരിക്കണം ചക്രദത്തത്തിനെ ഇങ്ങനെയൊരു അഭിപ്രായം പറയാൻ പ്രേരിപ്പിച്ചത് എന്ന് സമാധാനിക്കേണ്ടി വരും.

പിന്നെ എടുത്തു പറയണ്ടൊരു വ്യത്യാസം സ്നേഹപ്രകരണത്തിൽ, ഈ സ്നേഹപാനങ്ങളുടെ മാത്ര ചരകസംഹിതയെ പോലെ വിവരിച്ചതിനു ശേഷം,

''അഹോരാത്രമഹകൃത്സ്നം ദിനാർദ്ധം ച പ്രചക്ഷതേ''
എന്ന് പറഞ്ഞതിന് ശേഷം,

''ഉത്തമസ്യ പലം മാത്രാ ത്രിഭിശ്ചകൈഷശ്ച മദ്ധ്യമൈ
ജഘന്ന്യസ്യ പലാർദ്ധേന സ്നേഹകാഥൗഷധേഷുച''
എന്നെടുത്തു പറഞ്ഞിരിക്കുന്നു.

ഈയൊരു ശ്ലോകം കൊണ്ട് ഇന്ന് വൈദ്യ വിദ്യാർത്ഥികൾക്കിടയിൽ അച്ഛപാനത്തിന്റെ ഉത്തമ മാത്ര പലമാണോ എന്നുള്ള ഒരു സംശയം നിലനിൽക്കുന്നുണ്ട്. എന്നാൽ, ഈ സംശയത്തിനടിസ്ഥാനമില്ല എന്നു ഞാൻ ഇവിടെ പറഞ്ഞു കൊള്ളട്ടെ. കാരണം ഈ ശ്ലോകം ചക്രപാണി ആദ്യമായി പറയുന്നത് ജ്വരപ്രകരണത്തിൽ ലംഘനാദികൾക്ക് ശേഷം ഔഷധം കൊടുക്കേണ്ട അവസ്ഥയിലാണ്.

''ഏകാഹം ദിനമന്യച്ച കഫമുത്ക്ലേശ്യ തത്കരൈഃ''
എന്നെടുത്തു പറഞ്ഞതുകൊണ്ട്, ഇത് സ്നേഹപാനത്തിന്റെ മാത്രം മാത്രയല്ല എന്ന് മനസ്സിലാക്കേണ്ടതാണ്. ഉത്തമമാത്ര എന്നു പറയുമ്പോൾ 24 മണിക്കൂറു കൊണ്ട് ദഹിക്കുന്ന മാത്ര എന്നാണറിയുന്നത്. ഒരു പലം നെയ്യു ദഹിക്കാൻ 24 മണിക്കൂർ വേണ്ട എന്ന് വ്യക്തമാണല്ലോ? ഈ രണ്ട് കാരണങ്ങൾ കൊണ്ട്

ഈ ഉത്തമസ്യപലം മാത്രാ എന്നുള്ളത് ഒരു സാമാന്യ വിധിയായി മനസ്സിലാക്കി കൊണ്ട് അച്ഛപാന ത്തിന്റെ സ്നേഹത്തിന്റെ അളവല്ല എന്ന് വളരെ വ്യക്തമായി മനസ്സിലാക്കേണ്ടതാണ്.

എടുത്തു പറയേണ്ട മറ്റൊരു കാര്യം വമനത്തിനുവേണ്ടി സ്നേഹപാനനന്തരമുള്ള ഒരു വിശ്രാമ കാലത്തിന്റെ കാര്യമാണ്. വിശ്രാമകാലത്തിന്റെ കാര്യത്തിൽ സംഹിത ഗ്രന്ഥങ്ങളുടെയിടയിൽ രണ്ട് അഭിപ്രായമുണ്ട് എന്നുള്ളത് നമുക്കറിയാം.
ഉദാഹരണത്തിന് അഷ്ടാംഗഹൃദയം.

'ഏകാഹം ദിനമന്യച്ച കഫമുത്ക്ലേശ്യ തത്കരൈഃ''
എന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ ചരകത്തിൽ,

''ഏകാഹോപരമന്യച്ച തദ്വദ്ഭുക്ത്വാ പ്രച്ഛർദ്ദനം കരൈഃ''

അതായത് സ്നേഹപാനം ഇന്നു കഴിഞ്ഞെങ്കിൽ നാളെ ഒരു ദിവസം വിശ്രാമകാലം, മറ്റെന്നാൾ ഉത്ക്ലേശനം, അതിന്റെ പിറ്റേന്ന് വമനം ഇതാണ് അഷ്ടാംഗഹൃദയം അംഗീകരിച്ചിട്ടുള്ള ഒരു പദ്ധതി. എന്നാൽ ചരകത്തിൽ ഇത്, ഇന്ന് സ്നേഹപാനം കഴിഞ്ഞു, നാളെ ഉത്ക്ലേശനം, മറ്റെന്നാൾ വമനം ഇങ്ങ നെയുള്ള ഒരു രീതിയാണ്. അപ്പോൾ ചരകസംഹിതയിൽ പറഞ്ഞ ഈയൊരു ഭാഗത്തിന്റെ വ്യാഖ്യാന ത്തിൽ ചക്രപാണി ഇത് അംഗീകരിക്കുന്നുണ്ടെങ്കിലും, സ്വന്തം ഗ്രന്ഥമായ ചക്രദത്തത്തിലേക്ക് വരു മ്പോൾ അദ്ദേഹം വാഗ്ഭടന്റെ മതമാണ് സ്വീകരിച്ചിരിക്കുന്നത്. ഇതിന് പൊതുവെ നമ്മൾ പറഞ്ഞു വരുന്ന കാരണം കഫം സ്നിഗ്ധമാണെന്നും സ്നിഗ്ധമായ കഫം ഉത്ക്ലേശിക്കാൻ രണ്ട് ദിവസം മതി എന്നുമാണ്. എന്നാൽ, എനിക്ക് തോന്നുന്നത് സ്നേഹപാനം കൊണ്ട് അഗ്നിമന്ദമായിരിക്കുമ്പോൾ സ്നേഹക്ലാന്തമായിട്ടുള്ള അഗ്നിയുള്ള ഒരു രോഗിയിൽ വമനത്തിനു വേണ്ടി അസാത്മ്യങ്ങളായ ദഹി ക്കാൻ പ്രയാസമുള്ള ഉത്ക്ലേശ്യകരങ്ങളായിട്ടുള്ള ആഹാരങ്ങൾ ഉപയോഗിക്കുമ്പോൾ അജീർണ്ണത്തി നുള്ള ഒരു സാഹചര്യം വളരെ പ്രബലമാണ്. ഇതുകൊണ്ടാവണം സ്നേഹപാനത്തിന് ശേഷം വിശ്രാമ കാലം രണ്ട് എന്ന് നിജപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അത്രകണ്ട് ഉത്ക്ലേശമുണ്ടാവാത്ത കാലാവസ്ഥക ളിൽ ഒരു ദിവസം വിശ്രമം അനുവദിച്ച് മറുദിനം വമിപ്പിക്കുന്ന ആത്രേയാനുമതമായ രീതി ചക്രപാണി അംഗീകരിച്ചിട്ടുണ്ട് എന്ന് വേണം നമ്മൾ മനസ്സിലാക്കാൻ.

ഇതിനുശേഷം സ്നിഗ്ധ, അതിസ്നിഗ്ധ, അസ്നിഗ്ധ ലക്ഷണങ്ങൾ അവയ്ക്കുള്ള ചികിത്സ, സദ്യസ്നേഹങ്ങൾ മുതലായവ വാഗ്ഭടസമ്മതമായിട്ടാണ് ചക്രപാണി ചക്രദത്തത്തിൽ വിവരിക്കുന്നത്. അത് പദാനുപദം വാഗ്ഭടനെ അനുകരിച്ചു കൊണ്ടാണ് ചക്രദത്തത്തിൽ പറഞ്ഞിരിക്കുന്നത്. ഇത്രയും പറഞ്ഞു കൊണ്ട് അവസാനിക്കുന്നൊരു സ്നേഹാധ്യായത്തിൽ പുതുതായി ഒരു മററശശേീ എന്നു പറയാൻ ഒന്നും തന്നെയില്ല എന്ന് നമുക്ക് കാണാം. മാത്രമല്ല, അന്ന് നിലവിലുണ്ടായിരുന്ന ആശങ്കകളെ അല്ലെങ്കിൽ അന്യതന്ത്ര വിരോധങ്ങളെ പരിശോധിക്കാനോ അത് പരിഹരിക്കുവാനോ ഉള്ള ഒരു ശ്രമവും ചക്രദത്തം ഈയൊരു സ്നേഹധ്യായത്തിലൂടെ നടത്തിയിട്ടില്ല.

രോഗപ്രകരണങ്ങൾ പരിശോധിക്കുമ്പോൾ വിശേഷ വിധികളേറെയില്ല എന്ന് കാണാവുന്നതാ ണ്. എന്നാൽ ഗുൽമ പ്രകരണത്തിൽ സ്നേഹപാനം പറയുമ്പോൾ,

''ദീപ്താഗ്നയോ മഹാകായാഃ സ്നേഹസാത്മ്യാശ്ച
യേ നരാഃ

ഗുൽമിനഃ സർപ്പാദഷ്ടാശ്ച വിസർപ്പോപഹതാശ്ച യേ
ജ്യേഷ്ഠാം മാത്രാം പിബേയുസ്തേ പലാന്യഷ്ടൗ
വിശേഷതഃ''

എന്നെടുത്തു പറഞ്ഞിരിക്കുന്നു. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു ഭാഗം സംഹിത ഗ്രന്ഥങ്ങളിലെവിടെയും ഉത്തമമാത്ര, മധ്യമമാത്ര, ഹ്രസ്വമാത്ര എന്നുള്ളതിന് ദഹിക്കാൻ എടുക്കുന്ന സമയം 'സ്നേഹമാത്രാ ജരാംപ്രതി' എന്നുള്ളതിന് ഉപരിയായിട്ട് ഒരു മാത്രയുടെ ലെവലിലേക്ക് പറഞ്ഞിട്ടില്ല. പതിനൊന്നാം നൂറ്റാണ്ടിൽ ചക്രദത്തന്റെ സമയത്ത് അത് പ്രായോഗികമാക്കേണ്ട ഒരു കാലഘട്ടത്തിൽ ഉപയോഗിച്ചു വന്നിരുന്ന ഒരു മാത്രയായിരിക്കണം എന്നേ പറയാൻ പറ്റൂ. ഉദാഹരണത്തിന് ഈ ശ്ലോകം ചരകത്തിൽ നമുക്ക് കാണാവുന്നതാണ്.

''പ്രഭൂതസ്നേഹ നിത്യാ യേ ക്ഷുത്പിപാസാസഹാ നരാഃ
പാവകശ്ചോത്തമബലോ യേഷാം യേ ചോത്തമാ ബലേ
ഗുല്മിനഃ സർപ്പദഷ്ടാശ്ച വിസർപ്പോപഹതാശ്ച യേ
ഉന്മത്താ കൃച്ഛ്രമൂത്രശ്ച ഗാഢവർച്ച സ ഏവ ച
പിബേയുരുത്തമാം മാത്രാം തസ്യാഃ പാനേ ഗുണാൻ ശൃണു''

എന്ന് പറഞ്ഞ ശ്ലോകം തന്നെയാണ് ചക്രപാണി ചില്ലറ വ്യത്യാസങ്ങളോടുകൂടെ സ്നേഹാധികരണത്തിൽ പറയാതെ ഗുൽമാധികരണത്തിൽ പറഞ്ഞത്. എടുത്തു പറഞ്ഞ ഒരു വ്യത്യാസം എന്താണെന്നു ചോദിച്ചു കഴിഞ്ഞാൽ അതിൽ ഉത്തമ മാത്രയുടെ അളവ് എട്ട് പലമായി നിജപ്പെടുത്തിയിരിക്കുന്നു എന്നുള്ളതാണ്. ഇവിടെ സ്വാഭാവികമായിട്ടും അളവിനെ എട്ട് പലം എന്ന് പറയുമ്പോൾ നമ്മൾ അതിനെ വിമർശനാത്മകമായി വിശകലനം ചെയ്യേണ്ടതുണ്ട്. അതായത്, മാത്രയുടെ ഒരു ചിന്ത വരുമ്പോൾ ചരകൻ തന്നെ പറഞ്ഞിട്ടുള്ളത്.

''മാത്രാതുയദുക്തമസ്മിൻ
മദ്ധ്യേഷു തത് കോഷ്ഠവയോബലേഷു
തന്മൂലമാലംബേൽ ഭയേത്
വികല്പ്യ തേഷാം വികല്പോ□ധികോ□ നഭാവഃ''

എന്നുകാണാം. അതായത് ഈ ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്ന മാത്രകളെല്ലാം തന്നെ ''മധ്യേഷു തത് കോഷ്ഠവയോബലേഷു.'' മധ്യമമായ വയം, മധ്യമമായ ബലം, മധ്യമമായ കോഷ്ഠം ഇങ്ങനെയുള്ളവരിലാണ് ഈ മാത്ര പറഞ്ഞിരിക്കുന്നത്. തന്മൂലം അതിനെ ഒരു മൂലമായി എടുത്തുകൊണ്ട് വികൽപം ചെയ്യണം. തേഷാം വികൽപോ അധികോ നഭവാ. അധികമോ കുറവോ ആവാം, ഇതാണ് നമുക്ക് സംഹിത ഗ്രന്ഥങ്ങൾ തരുന്ന ഒരു മാനദണ്ഡം. എന്നാൽ, ആനുകാലികമായി വന്ന രചനകളിൽ ഈ മാത്രയിൽ ഒരു മുന്നേറ്റം നടത്താനുള്ള ഒരു ശ്രമം ബോധപൂർവ്വം നടത്തിയിട്ടുണ്ട്. ഉത്തമ മാത്രയുടെ അളവ് എട്ട് പലമായി നിജപ്പെടുത്തിയത് അതിന്റെ ഭാഗമായിട്ടേ കാണാവൂ.

ചക്രദത്തത്തിൽ സ്നേഹപ്രകരണത്തിൽ വ്യത്യസ്തമായി എന്തെല്ലാം പറഞ്ഞു എന്നുള്ളത് നമ്മൾ കണ്ടു. ഇനി പ്രധാനമായിട്ടും എന്തൊക്കെ പറഞ്ഞിട്ടില്ല എന്നുകൂടെ ആലോചിക്കേണ്ടത് വളരെ പ്രസക്തമാണ് എന്ന് തോന്നിയതുകൊണ്ട് ഞാൻ പറയാം. ഉദാഹരണത്തിന്, നമ്മൾ മുമ്പ് ചർച്ച ചെയ്തപോലെ ഉത്തമ മാത്ര, മധ്യമമാത്ര, ഹ്രസ്വമാത്ര എന്ന് മൂന്ന് തരത്തിൽ മാത്രകളെ വിവരിച്ചതിനു

ശേഷം ഇതിന്റെ കാർമ്മികതയും ഇതിനുള്ള അർഹന്മാരേയും സംഹിതാഗ്രന്ഥങ്ങൾ വളരെ വ്യക്തമായി പറയുന്നുണ്ട്. എന്നാൽ, ചക്രദത്തം ഇതു പറയുന്നില്ല. ഈ അർത്ഥഗർഭമായ മൗനം എന്തുകൊണ്ടാണ് എന്ന് ആലോചിക്കേണ്ടത് വളരെ പ്രസക്തമാണ്. കാരണം, നമുക്കറിയാം നമ്മളിന്ന് പഠിക്കുകയും, പഠിപ്പിക്കുകയും ചെയ്യുന്നത് ശോധനത്തിന്റെ മാത്ര മധ്യമമാത്രയാണ് എന്നാണ്. അഷ്ടാംഹൃദയത്തിനെ അനുസരിക്കയാണെങ്കിൽ ''ശുദ്ധ്യേ□ പ്യലം'' എന്നും, ''ശോധനാർത്ഥം ച യുജ്യതേ'' എന്നും മധ്യമ മാത്രയ്ക്കാണ് ചരക സംഹിതയിലും കാണുന്നത്. ഇതാണ് പൊതുവെ നമ്മൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത്. എന്നാൽ, ഇതിൽ എനിക്ക് ചെറിയ ഒരു വിയോജിപ്പുണ്ട്. കാരണം, ജ്വരത്തിൽ ഒരു വമനം പറയുന്ന അവസ്ഥയിൽ

''കഫപ്രധാനാനുത്ക്ലിഷ്ടാൻ
ദോഷാനാമാശയ സ്ഥിതാൻ
ബുദ്ധ്വാ ജ്വരകരാൻ കാലേ
വമ്യാനാം വമനേർഹരേത്.''

എന്ന് പറഞ്ഞിരിക്കുന്നു. ആലോചിച്ചു നോക്കൂ, ഇങ്ങനെയുള്ള ഒരു അവസ്ഥയിൽ ഒരു ജ്വര രോഗിയിൽ വമനം ചെയ്യേണ്ടി വന്നുകഴിഞ്ഞാൽ അവരിലുള്ള മാത്ര എന്തായിരിക്കും. അങ്ങനെയുള്ള രോഗികൾക്ക് എപ്പോഴും തന്നെ പന്ത്രണ്ട് മണിക്കൂറുകൊണ്ട് ദഹിക്കുന്ന ഒരു മാത്ര ആവശ്യമുണ്ട് എന്ന് എനിക്ക് തോന്നുന്നില്ല. ഇതേ ശ്ലോകത്തിന് ചക്രപാണിയുടെ ദീപികാ വ്യാഖ്യാനം നോക്കുകയാണെങ്കിൽ, വളരെ വ്യക്തമായിട്ടു തന്നെ പറഞ്ഞിട്ടുള്ളതാണ്,

''അത്ര ച ദോഷോത്ക്ലേശ പ്രയോജനികോ
സ്നേഹസ്വേദോ ന ക്രിയതേ അൽപ്പോ വാ ക്രിയതേ''

കർമ്മം - വമനം ആണ് - ചെയ്യാൻ പോവുന്നത്. വമനം ചെയ്യുന്നതിന് മുമ്പ് അവിടെ സ്നേഹപാനം ചെയ്യുന്നുണ്ടെങ്കിലും ആ സ്നേഹപാനം 12 മണിക്കൂറുകൾക്കുള്ളിൽ നിൽക്കുന്ന മധ്യമ മാത്രയാവണമെന്നില്ല എന്നുള്ള വിധി ഈ നിർദ്ദേശത്തിലുണ്ട്. ഇതല്ലാതെ പ്രായോഗികമായി നമ്മൾ നോക്കുകയാണെങ്കിൽ കോഷ്ഠാശ്രിതമായി ഏതുവ്യാധിയും എടുത്തു നോക്കി കൊള്ളൂ, ഗ്രഹണി ആയിക്കോട്ടെ, അതിസാരമായിക്കോട്ടെ, അമ്ലപിത്തമായിക്കോട്ടെ. അമ്ലപിത്തത്തിൽ രാവിലെ ഒരു അമ്ലപിത്ത രീതി ഡോ. സുശീല സജി ചർച്ച ചെയ്തു. ഗ്രഹണി, അമ്ലപിത്തം, അതിസാരം തുടങ്ങിയിട്ടുള്ള രോഗങ്ങൾ നമ്മൾ ആലോചിക്കുകയാണെങ്കിൽ ഇതിലെ സ്നേഹപാനത്തിന് ഇത്രകണ്ട് മാത്രയുടെ ആവശ്യമില്ല ഉത്ക്ലേശനം കിട്ടാൻ എന്നുള്ളതും വളരെ വ്യക്തമാണ്. അപ്പോൾ ഒരു മാത്ര പറഞ്ഞിരിക്കുന്നത് അത് ദഹനത്തിന് എടുക്കുന്ന സമയത്തിനെ ആശ്രയിച്ചുകൊണ്ടാണ്. ഈ മാത്രയുടെ കാർമ്മികത എപ്പോഴും ഒന്നിച്ചു പോവില്ല എന്നുള്ളത് വളരെ പ്രായോഗികമാണ്. ഉദാഹരണത്തിന് ഹ്രസ്വ മാത്ര കൊണ്ടും നമുക്ക് ഉത്ക്ലേശമുണ്ടാക്കാം, മധ്യമ മാത്ര കൊണ്ട് ശമനമുണ്ടാക്കാം. ഇതു കൂടാതെ ഉത്തമ മാത്ര ശ്രദ്ധിച്ചു കഴിഞ്ഞാൽ ''വികാരാൻ ശമയേദ്ദോഷാൻ'' എന്നെടുത്തു പറയുകയും ചെയ്തിട്ടുണ്ട്. ഈ മൂന്ന് മാത്ര കൊണ്ടും മൂന്ന് കർമ്മങ്ങളുണ്ടാക്കാൻ പറ്റും എന്നാണ് പ്രായോഗികമായി നമ്മൾ മനസ്സിലാക്കേണ്ടത്.

അടുത്തതായി നമുക്ക് സ്വേദപ്രകരണം നോക്കാം. പ്രായോഗികതക്ക് ഏറ്റവും അധികം പ്രാധാന്യം കൊടുത്തു കൊണ്ട് സംക്ഷിപ്ത വിവരണമാണ് സ്വേദപ്രകരണത്തിൽ കാണാൻ സാധിക്കു

ന്നത്. സ്വേദങ്ങളെ ബലം, ദോഷം, ആശയം എന്നിങ്ങനെ അടിസ്ഥാനപ്പെടുത്തി വിവരിച്ചിരിക്കുന്നു. അർഹന്മാരേയും അനർഹന്മാരേയും വാഗ്ഭടാനുസരണം വിവരിച്ചിരിക്കുന്നു. ആഗ്നേയ, അനാഗ്നേയ സ്വേദങ്ങളും അവയുടെ പ്രായോഗിക രീതിയും അഷ്ടാംഗഹൃദയത്തിലെ പോലെ പറയപ്പെട്ടിരിക്കുന്നു. അതിയോഗം, അയോഗം, സമ്യക് യോഗങ്ങൾ, പൂർവ്വസ്വേദ്യന്മാർ, പശ്ചാത് സ്വേദ്യന്മാർ, പൂർവ്വ പശ്ചാത് സ്വേദ്യന്മാർ എന്നീ പ്രകരണങ്ങൾ സുശ്രുത മതം ആണ് സ്വീകരിക്കുന്നത്. താപ ഉപനാഹാദികളായിട്ടുള്ള ചതുർവ്വിധ സ്വേദങ്ങളെ ചുരുക്കിപറഞ്ഞു കൊണ്ട് അവസാനിപ്പിച്ചിട്ടുള്ള അധ്യായത്തിൽ പ്രയോഗത്തിൽ ഇല്ലാത്തതു കൊണ്ടായിരിക്കാം ചരകോക്തമായിട്ടുള്ള 13 തരത്തിലുള്ള സ്വേദങ്ങളെ കുറിച്ച് പരാമർശം ഇല്ല.

അടുത്തതായി വമന പ്രകരണമാണ്. വമനത്തിൽ ദോഷചിന്ത, ഉത്ക്ലേശന വിധി, കോഷ്ഠാനുസാരേണ ഔഷധമാത്ര, വമനവിധി തുടങ്ങിയ ഭാഗങ്ങൾ ചുരുക്കത്തിൽ പറഞ്ഞു കൊണ്ട് ചില യോഗങ്ങളെ പരിചയപ്പെടുത്തുന്ന രീതിയാണ് ചക്രദത്തം അവലംബിച്ചിരിക്കുന്നത്. ശ്രദ്ധേയമായി തോന്നിയത് ഇവിടെയും വാമകദ്രവ്യങ്ങളുടെ കാർമ്മികതയെക്കുറിച്ച് ഒരു ചർച്ച നടത്തിയിട്ടില്ല എന്നുള്ളത് തന്നെയാണ്. ഉദാഹരണത്തിന് ചരകസംഹിതയിൽ കൂടുതലും ഭൗതികവാദത്തിനാണ് പ്രസക്തി കൊടുത്തിട്ടുള്ളത്. എന്നാൽ, സുശ്രുതസംഹിതയിൽ ഭൗതിക വാദത്തിന്റെ കൂടെ തന്നെ ഒരു പ്രഭാവ വാദത്തിനും കാർമ്മികതയിൽ പ്രസക്തി കൊടുത്തു. ഈ രണ്ട് വിഷയങ്ങളെക്കുറിച്ചും സംസാരിച്ചിട്ടുള്ള ചക്രപാണി ചക്രദത്തത്തിൽ എന്തുകൊണ്ടോ ഈ കാര്യങ്ങൾ ചർച്ച ചെയ്തിട്ടില്ല.

എടുത്തു പറയേണ്ട മറ്റൊരു ഭാഗം വാമക കഷായ യോഗങ്ങൾ ഉണ്ടാക്കുവാൻ ഒരു പ്രത്യേക വിധി പറഞ്ഞിരിക്കുന്നു എന്നുള്ളതാണ്. ഇത് വളരെയധികം ശ്രദ്ധിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ ഇതിൽ വറ്റിക്കേണ്ട അളവ് വ്യത്യസ്തമാണ്. എപ്പോഴും ശ്രദ്ധിക്കുക, വമനത്തിന് നമ്മൾ കഷായം പാനം ചെയ്യുന്ന സമയത്ത് ഇതിന് ഠശാല ീള മരശേീ വളരേ കുറച്ചേയുള്ളൂ - ആ സമയത്ത് ആ ദ്രവ്യത്തിന്റെ മരശേ്ല ശിഴൃലറശലിേ ശരീരത്തിൽ കടക്കുകയും അതിൽ കാർമ്മികത ചെയ്യുകയും വേണം. അപ്പോൾ ഇവിടെ പറഞ്ഞിട്ടുള്ള ഒരു പ്രായോഗികമായ രീതി, കഷായ ദ്രവ്യം ഒരു കുടബം, വെള്ളം ഒരു ആഢകം എന്ന തോതിലെടുത്തിട്ട് നാലിലൊന്നായി വറ്റിക്കുന്ന രീതിയിലാണ് വമനത്തിനു വേണ്ടിയുള്ള കഷായ കൽപ്പനയിൽ വിവരിച്ചിരിക്കുന്നത്. ഇത് രീിരലിൃേമശേീ ൽ ഉള്ള വ്യത്യാസമാണ്. രീിരലിൃേമശേീ നമ്മൾ സാധാരണ ചെയ്യുന്ന കഷായത്തിന്റെ അത്രകണ്ട് വേണ്ട എന്നുള്ള ഒരു നിർദ്ദേശമാണ് ഇതിലൂടെ മുന്നോട്ട് വെച്ചിരിക്കുന്നത്.

പിന്നെ വമനത്തിൽ എടുത്തു പറയാവുന്ന ഒരു കാര്യം, ഇതിലെനിക്ക് പ്രായോഗിക പരിചയം തീരെ ഇല്ല എന്നു പറഞ്ഞു കൊള്ളട്ടെ, ഗരദോഷത്തിൽ താമ്രഭസ്മം ഉപയോഗിച്ചു കൊണ്ടുള്ള ഒരു വമനത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു. എന്നാൽ ഇത് എങ്ങനെ ചെയ്യണം, അളവ് എന്തായിരിക്കണം, എന്താണ് വിധി എന്നുള്ളതും പറഞ്ഞിട്ടില്ല. താമ്രഭസ്മം കൊണ്ട് ഗരത്തിൽ വമനം അത് ചികിത്സയിൽ പ്രാവീണ്യം ഉള്ള ആരെങ്കിലും ഷെയർ ചെയ്താൽ നന്നായിരിക്കും.

കൽപ്പസ്ഥാനോക്തങ്ങളായ ആറ് വാമകദ്രവ്യങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ടെങ്കിലും മറ്റു യോഗങ്ങളെക്കുറിച്ച് ചക്രദത്തത്തിൽ പരാമർശം ഇല്ല. യോഗ, അയോഗ, അതിയോഗ ലക്ഷണങ്ങൾ ചരകത്തെ അധികരിച്ചാണ് വിവരിച്ചിട്ടുള്ളത്. ശുദ്ധിയെക്കുറിച്ച് വിവരിക്കുമ്പോൾ വീണ്ടും എടുത്തു പറയേണ്ട മറ്റൊരു കാര്യം, വമന വിരേചനങ്ങളുടെ ശുദ്ധിയെക്കുറിച്ച് പറയുമ്പോൾ പൊതുവെ മാനികി, വൈഗികി, ലൈംഗികി, ആന്തികി എന്നീ നാലുതരത്തിൽ ശുദ്ധിയെ പറയാറുണ്ട്. എത്ര വമിച്ചു എന്നു

ള്ളതുകൊണ്ട് മാനികി, എത്ര പ്രാവശ്യം വമിച്ചു എന്നുള്ളതുകൊണ്ട് വൈഗികി, എന്ത് അവസാനം വമിച്ചു എന്നുള്ളതു കൊണ്ട് ആന്തികി, പിന്നെ ലിംഗങ്ങൾ കൊണ്ട് 'ലിംഗേർജ്ഞായതേ ലൈംഗികി' എന്നിങ്ങനെ നാലു തരത്തിൽ പറയുന്നുണ്ട്. ഉദാഹരണത്തിന് നമ്മളിപ്പോൾ പഠിക്കുന്ന സമയത്ത്, ചക്ര പാണിയെ ഒരു ഔയാശശൈ്ല ആയിട്ടുള്ള അല്ലെങ്കിൽ വളരെ അനുസരണയുള്ളൊരു ഭാര്യ എന്നുള്ള രീതിയിൽ പറഞ്ഞു കേട്ടിട്ടുണ്ട്. അതായത് ചരകത്തിൽ എന്തു പറഞ്ഞിട്ടുണ്ടെങ്കിലും അതിനെ അൽപമെങ്കിലും വിമർശനാത്മകമായി വിശകലനം ചെയ്യുക എന്നുള്ളത് ചക്രപാണി ചെയ്തിട്ടേയില്ല. എന്തൊക്കെ പറഞ്ഞിട്ടുണ്ടോ അതിനെ എങ്ങനെയൊക്കെ സ്ഥാപിക്കാം എന്നുള്ള ഒരു ശ്രമം മാത്രമേ ചക്രപാണി നടത്തിക്കാണുന്നുള്ളൂ. എന്നിരുന്നാലും ഈയൊരു അവസ്ഥയിൽ ഈ ശോധന ചികിത്സ കളുടെ ശുദ്ധി പറയുന്ന അവസരത്തിൽ വളരെ വ്യക്തമായി തന്നെ മാനികി, വൈഗികി, ആന്തികി എന്നീ ശോധനകളുടെ സമ്യക്ക് ലക്ഷണങ്ങളുടെ അപ്രായോഗികതയെക്കുറിച്ച് വളരെ വ്യക്തമായി എടുത്ത് പറഞ്ഞിട്ടുണ്ട്. അതായത് മാനികി എന്നു പറയുമ്പോൾ എത്ര വമിച്ചു എന്നുള്ളതാണ് മാനികി. മാനികി ശുദ്ധി പറയുമ്പോൾ രണ്ട്, മൂന്ന്, നാല് പ്രസ്ഥം വിരേചനത്തിലും അതിന്റെ പകുതി ഈ മാന ത്തിൽ അതിന്റെ ശരിക്ക് ആത്രേയാനുമതമായിട്ടുള്ള രണ്ട് ഗ്രന്ഥങ്ങൾ വ്യത്യാസമുണ്ട് എന്നുള്ള ഒരു വസ്തുത ഇവിടെ പറഞ്ഞു കൊള്ളട്ടെ. ചരകന്റെ മാനത്തിൽ 'പ്രസ്ഥസ്തഥാ ദ്വിത്രി ചതുർഗുണഞ്ച' എന്നാണ് പറഞ്ഞിരിക്കുന്നത്. അതായത് രണ്ട്, മൂന്ന്, നാല് പ്രസ്ഥങ്ങൾ എന്നാൽ അഷ്ടാംഗഹൃദയ ത്തിലേക്ക് വരുമ്പോൾ 'പ്രസ്ഥസ്തഥാഥ ദ്വിത്രി ചതുർഗുണഞ്ച'' എന്നാണ് പറഞ്ഞിരിക്കുന്നു. അവിടെ തന്നെ ആചാര്യന്മാരുടെയിടയിൽ ഒരു വ്യത്യസ്ത അഭിപ്രായം ഉണ്ട്. ഈ രണ്ട് ഗ്രന്ഥങ്ങളെയും ഉദ്ധരി ച്ചിരിക്കുന്ന ചക്രപാണി ചക്രദത്തത്തിലേക്ക് വരുമ്പോൾ കണ്ണുമടച്ച് ചരകന്റെ അഭിപ്രായം എടുക്കുക യാണ് ചെയ്തിട്ടുള്ളത്. അദ്ദേഹം അതിനെ കുറിച്ച് ഒരു ചർച്ച നടത്തിയതായിട്ട് കാണുന്നില്ല. എന്നാൽ, ഞാൻ മുമ്പ് പറഞ്ഞു, ഈ ശുദ്ധികളുടെ പ്രായോഗികതയെക്കുറിച്ചുള്ള വിവരണം ചക്രപാണി ആയുർവ്വേദ ദീപികയിൽ തന്നിട്ടുണ്ട്. അതായത് ചരകത്തിന്റെ വ്യാഖ്യാനത്തിൽ ഈ ശ്ലോകം തന്നെ യാണ് ചക്രപാണി ചരകത്തിൽ നിന്നു എടുത്ത് എഴുതിയിട്ടുള്ളത് ചക്രദത്തത്തിലേക്ക്. ഈ ശ്ലോക ത്തിന്റെ വ്യാഖ്യാനത്തിൽ ചക്രപാണി പറയുന്ന കാര്യം എന്താണെന്ന് ചോദിച്ചാൽ ദോഷത്തിന്റെ മാന ത്തിന് ഒരു അവസ്ഥാനമില്ല എന്നു പറയുന്നുണ്ട്. ഉദാഹരണത്തിന് ര്യീലൈ ൃലളലൃലിരല ആയിട്ട് പറ യാൻ ഏറ്റവും ഉചിതമായി തോന്നുന്നത് സുശ്രുത സംഹിതയിലെ സൂത്രസ്ഥാനത്തിൽ 15-ാം അദ്ധ്യായ ത്തിൽ

''വൈലക്ഷ്യണാർശരീരസ്യ അസ്ഥായിത്വത് തഥൈവച
ദോഷധാതുമൂലാനാം ച പരിണാമം ന വിദ്യതേ''

എന്നെടുത്തു പറയുന്നു എന്ന് പറയുമ്പോൾ 'അസ്ഥായിത്വാത് ശരീരസ്യ' ശരീരത്തിന്റെ അസ്ഥ ായിത്വം എന്നു പറയുമ്പോൾ പ്രകൃതി, സാരം, സംഹനനം, സാത്മ്യം എന്നിവ വ്യത്യസ്ഥപ്പെട്ടിരിക്കുന്ന ഒരു അവസ്ഥയിൽ ദോഷങ്ങൾക്ക് അത്യന്തികമായ ഒരു മാനം പറഞ്ഞു കഴിഞ്ഞാൽ ആ മാനം വെച്ച് ശുദ്ധി അളക്കാൻ പറ്റില്ല എന്നുള്ളതു കൊണ്ടു തന്നെയാണ്.

ഉദാഹരണത്തിന്, നമ്മളൊരു 40 വയസ്സുള്ള പ്രമേഹിയിൽ വമിപ്പിക്കുമ്പോൾ കിട്ടുന്ന മാനവും ഒരു 16 വയസ്സുള്ള ശ്വാസ രോഗിയിൽ വമിപ്പിക്കുമ്പോൾ കിട്ടുന്ന മാനവും ഒരിക്കലും ഒന്നാവാൻ വഴി യില്ല. രണ്ടാൾക്കാരിലും പ്രവരശുദ്ധി കിട്ടുമ്പോഴും ഇതിൽ മാനം ഒന്നാവാൻ വഴിയില്ല. ഇത് ചൂണ്ടിക്കാ ണിച്ചു കൊണ്ട് ചക്രപാണി ഈ മാനികി ശുദ്ധിയെ അംഗീകരിക്കരുത് എന്നു തന്നെയാണ് ദീപിക വ്യാഖ്യാനത്തിൽ പറയുന്നത്.

അതുപോലെ വൈഗികി, നമുക്കറിയാം ആറ് വേഗങ്ങൾ ഉണ്ടെങ്കിലും ശുദ്ധി സമ്പൂർണ്ണമാകാറില്ല പലപ്പോഴും. എന്നാൽ ചില നല്ല ഉത്ക്ലേശനമുള്ള രോഗികളിൽ നല്ല കാലാവസ്ഥയിൽ യഥാർത്ഥത്തിൽ വസന്തത്തിൽ ചെയ്യേണ്ട ഒരു സാഹചര്യം കിട്ടുകയാണെങ്കിൽ മൂന്നോ നാലോ വേഗങ്ങൾ കൊണ്ടുതന്നെ നല്ല ശുദ്ധിയുണ്ടാവുന്നതായിട്ട് കാണാറുണ്ട്. അപ്പോൾ ഈ വേഗങ്ങളെ കൊണ്ട് പറഞ്ഞിരിക്കുന്ന ശുദ്ധിയും പ്രയോഗികമല്ല എന്നുതന്നെ പറയേണ്ടി വരും.

ഇതുകൂടാതെ ആന്തികി എന്നുള്ള ശുദ്ധിയിൽ എന്ത് അവസാനം വമിച്ചു എന്നുള്ളതു കൊണ്ടാണ് ശോധനകളുടെ പ്രസക്തിയെക്കുറിച്ച് പറയുന്നത്. നമുക്കറിയാം, പ്രയോഗികമായി വമനം നടത്തുമ്പോൾ പലപ്പോഴും ഊർദ്ധ്വഗതമായ ശുദ്ധിയിൽ 'പിത്താന്തമാണ് സമ്യക് ലക്ഷണം' എന്നാൽ പിത്താന്തം നമുക്ക് തുടക്കത്തിൽ തന്നെ കിട്ടുന്നതായിട്ട് കാണുന്നു. അല്ലെങ്കിൽ സമ്യക്കായിട്ട് വമിച്ച് ലൈംഗിക ശുദ്ധി കിട്ടിയ ശേഷവും പിത്താന്തം കിട്ടാത്ത അവസ്ഥയും കാണാറുണ്ട്. ഇതുവെച്ച് നോക്കുമ്പോൾ ആന്തികി ശുദ്ധിയും പ്രായോഗികമല്ല എന്ന് പറയേണ്ടി വരും.

ഇത്രയും വിശദമായി ഈ ശുദ്ധികളെക്കുറിച്ച് വിമർശനാത്മകമായി വിശകലനം ചെയ്ത ചക്രപാണി ചക്രദത്തത്തിലേക്ക് വരുമ്പോൾ എന്തുകൊണ്ടോ ഇതൊന്നും പറയാതെ ചരകന്റെ അഭിപ്രായത്തെ അങ്ങനെതന്നെ പദാനുപദം അനുകരിക്കുകയാണ് ചെയ്തിട്ടുള്ളത്. മറ്റൊരു എടുത്തു പറയേണ്ട വസ്തുത ഞാൻ നേരത്തെ പറഞ്ഞു, പ്രസ്ഥം കണക്കിൽ മാനം പറയുമ്പോൾ അഷ്ടാംഗഹൃദയവും ചരകവും തമ്മിൽ വ്യത്യാസമുണ്ട്. ഇതിൽ ചക്രപാണിക്ക് സമ്മതമായിട്ടുള്ളത് ചരകന്റെ അഭിപ്രായമാണ്. അഷ്ടാംഗഹൃദയത്തിന്റെ ഒന്ന്, രണ്ട്, നാല് പ്രസ്ഥങ്ങൾ എന്നുള്ള അഭിപ്രായം ചക്രപാണി എടുത്തിട്ടില്ല.

യോഗ, അതിയോഗ, അയോഗ ചികിത്സയുടെ ഒരു വിവരണം വളരെ കുറവാണ്. അർഹന്മാരെ പറയാതെ അനർഹന്മാരെ മാത്രമാണ് വമനാധികാരത്തിൽ ചക്രപാണി പറഞ്ഞിട്ടുള്ളത്. രോഗ പ്രകരണങ്ങളിൽ വമനം ചെയ്യേണ്ട സാഹചര്യങ്ങൾ സംഹിത ഗ്രന്ഥങ്ങളിൽ വിവരിക്കുന്ന പോലെയാണ് കാണുന്നത്. ഉദാഹരണത്തിന്. ജ്വരചികിത്സയിൽ വാഗ്ഭടമതവും ചരകമതവും പ്രത്യേകം പേരെടുത്ത് പരാമർശിച്ചിട്ടുണ്ട് എന്ന് പറയുമ്പോൾ ചക്രപാണിദത്തന്റേതായിട്ട് ചക്രദത്തത്തിൽ പ്രത്യേകം അററശേ്ീ ഒന്നും തന്നെ ഇല്ല എന്നു പറയാം. കൂടുതലും സ്ഥലത്ത് അന്യ ആചാര്യന്മാരെ പദാനുപദം അനുകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ജ്വരപ്രകരണത്തിൽ ചരകന്റെ അഭിപ്രായവും, വാഗ്ഭടന്റെ അഭിപ്രായവും, ആചാര്യന്മാരുടെ പേരെടുത്തു കൊണ്ടുതന്നെ പറഞ്ഞിരിക്കുന്നു.

ഒരു വ്യത്യസ്ഥമായ അല്ലെങ്കിൽ ഒരു പരിഷ്ക്കരിച്ച ഒരു പതിപ്പ് വമനത്തിന്റേത് എന്ന് തോന്നാവുന്നത് ഷ്ഠീവന ചികിത്സ എന്നുള്ള പേരിൽ വിവരിച്ചിരിക്കുന്നു. ഷ്ഠീവന ചികിത്സ എന്നുള്ളത് സംഹിത ഗ്രന്ഥങ്ങളിൽ അങ്ങിങ്ങ് പരാമർശിച്ചതായിട്ട് കാണുന്നു. ഉദാഹരണത്തിന് കഫജഗ്രഹണി പറയുന്ന, നമ്മൾ പഠിക്കുന്ന സമയത്ത് എനിക്കോർമ്മയുണ്ട് നാരായണൻ നമ്പിയേട്ടനാണ് എനിക്കാദ്യം പറഞ്ഞു തന്നത്. കഫജഗ്രഹണി പറയുന്ന സ്ഥലത്ത്

''ഷ്ഠീവനം ശ്ലേഷ്മിതേ രൂക്ഷം ദീപനം പിത്തസംയുതം''

എന്നുള്ള ഒരു വിധി കാണുന്നുണ്ട്. ഇവിടെ ഈ ഷ്ഠീവനചികിത്സ എന്താണെന്നുള്ള ഒരു സംശയം വരാം. അവിടെ ചക്രപാണി അത് വിശദീകരിക്കുന്നില്ല. മറ്റൊരു സ്ഥലം ഷ്ഠീവന ചികിത്സ വരുന്നത് പഞ്ചകർമ്മങ്ങളെ ചരകൻ ആദ്യമായി പറയുമ്പോൾ അതായത്, 2-ാം അധ്യായത്തിൽ

''താന്ന്യുപസ്ഥിത ദോഷാണാം സ്നേഹസ്വേദോപപാദനേ
പഞ്ചകർമ്മാണി കുർവ്വിതാ''

എന്ന് പറയുന്ന സ്ഥലത്ത് പഞ്ചകർമ്മങ്ങളുടെ വ്യാഖ്യാനം ചക്രപാണി പറയുന്ന സ്ഥലത്ത് നിഷ്ഠീവനം, അഞ്ജനം, നേത്രതർപ്പണം തുടങ്ങിയ ചികിത്സ അമിതമായ 'ബഹുഇതികർതവ്യത' ഇല്ലാത്തതുകൊണ്ടും ശോധന ചികിത്സയിൽ പെടുത്താൻ പറ്റില്ല എന്നു പറയുന്ന സ്ഥലത്തും ഈ ഷ്ഠീവന ചികിത്സയെക്കുറിച്ച് പരാമർശം വരുന്നുണ്ട്. എന്നാൽ ഈ ഷ്ഠീവന ചികിത്സ വേറെ ആരും വിവരിച്ചു കാണുന്നില്ല.

ഷ്ഠീവന ചികിത്സയെ കുറിച്ച് പറയുമ്പോൾ ഇത് ചക്രദത്തം പറഞ്ഞിരിക്കുന്നത് സന്നിപാതജ്വരചികിത്സയിലാണ്. ഈ ചികിത്സയിൽ ആർദ്രക സ്വരസത്തിൽ ഇന്തുപ്പും ത്രികടുചൂർണ്ണവും കൂടെ ചേർത്ത് 'ആകണ്ഠം ധാരയേത് ആസ്യേ' വായിൽ കൊള്ളുക എന്നുള്ള ഒരു രീതിയാണ് പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ഉണ്ടാവുന്ന ശ്ലേഷ്മപ്രസേകത്തെ ആശയ ലാഭമുണ്ടാവുന്നവരെ വീണ്ടും വീണ്ടും തുപ്പുവാൻ വിധിയുണ്ട്. ഈ വിധി ആവശ്യാനുസരണം വീണ്ടും പ്രയോഗിച്ചാൽ ശ്ലേഷ്മ ക്ഷയം വരുത്തുന്നത് സന്നിപാത ചികിത്സയിൽ വളരെ വിശേഷപ്പെട്ട ചികിത്സയായി പറഞ്ഞു വരുന്നു. ഇതിൽ നമ്മൾ മനസ്സിലാക്കേണ്ടത്, പ്രകരണവശാൽ പറഞ്ഞു എന്നുള്ളതല്ലാതെ ഇത് ശോധന ചികിത്സയല്ല. പ്രകരണവശാൽ വമനത്തിന്റെ ഒരു പരിഷ്കരിച്ച പതിപ്പ് എന്നു തോന്നുന്നതു കൊണ്ട് മാത്രമാണ് ഇത് ഇവിടെ പറഞ്ഞത്. ഇത് ഒരു പഞ്ചകർമ്മമായിട്ടുള്ള ഒരു ശോധന ചികിത്സയെന്ന് കാണാൻ പറ്റില്ല.

പിന്നെ എടുത്തു പറയേണ്ട ഒരു കാര്യം ഗൃദ്ധ്രസി പ്രകരണത്തിൽ ഊർദ്ധ്വശുദ്ധി (വമനം) കൂടാതെ വസ്തി തുടങ്ങിയ ചികിത്സകൾ നിഷ്പ്രയോജനമാണെന്ന പ്രസ്താവന, ഇതിൽ കുറച്ചുകൂടി വ്യക്തത വരുത്തേണ്ടതുണ്ട്. ഞാൻ ഈ പോയിന്റ് വസ്തി പറയുമ്പോൾ ഒന്നുകൂടി വിശദമാക്കാൻ ശ്രമിക്കാം.

ഇനി വിരേചനം, വളരെ രസകരമായി തോന്നിയ ഒരു കാര്യം, വിരേചന പ്രകരണത്തിൽ വിരേചന വിധി ചക്രപാണി പറയുന്നില്ല. അല്ലെങ്കിൽ ചക്രദത്തത്തിൽ പറയുന്നില്ല. വിരേചന വിധിയില്ലാതെ വിരേചന അധ്യായം അവസാനിപ്പിക്കുന്ന ഒരു രീതിയാണ് ചക്രപാണി ചെയ്തിട്ടുള്ളത്. വിരേചന വിധിയെ കുറിച്ച് പറയാതെ യോഗങ്ങളെക്കുറിച്ച് മാത്രമാണ് അധികമായി ചർച്ച ചെയ്തിട്ടുള്ളത്.

ഇതിൽ പ്രായോഗികമായി ഉപയോഗിച്ച് കണ്ടിട്ടുള്ള വളരെ സുഖമായിട്ട് ഉപയോഗിക്കാൻ പറ്റുന്ന ഒരു യോഗം പരിചയപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഇക്ഷുപുടപാകം എന്നൊരു യോഗമുണ്ട്, ഇതിൽ എന്താ ചെയ്യുന്നതെന്ന് വെച്ചു കഴിഞ്ഞാൽ ഒരു ഹസ്തം നീളമുള്ള കരിമ്പ് രണ്ടായി പിളർന്നതിനു ശേഷം തൃകോൽപ്പ കൊന്നയുടെ വേരിന്റെ തൊലി ഇതിലരച്ച് പുരട്ടിയതിനു ശേഷം കുശപുടം ചെയ്തിട്ട് ചെറുതായിട്ടൊന്ന് സ്വേദിപ്പിച്ചെടുത്തിട്ട് ഈ സ്വരസം കൊണ്ട് വിരേചിപ്പിക്കുന്ന രീതി. ഇത് ബാലന്മാരിലും ഗ്രീഷ്മഋതുവിലും വളരെ ശ്രേഷ്ഠമായിട്ടുള്ള ഒരു വിരേചന വിധിയാണ്. വ്യാപത്തുകളൊന്നുമില്ലാതെത്തന്നെ സുഖമായി വിരേചനം ഉണ്ടാവുന്ന ഒരു രീതിയാണിത്.

യോഗ, അയോഗ, അതിയോഗ ലക്ഷണങ്ങളും വിരേചനത്തിന്റെ പ്രായോഗിക വ്യാപത്തുക്കളെക്കുറിച്ചും പ്രധാനമായും ചരകസംഹിതയെ ആശ്രയിച്ചു പറഞ്ഞു കൊണ്ട് അധ്യായം ഉപസംഹരിക്കുകയാണ് ചെയ്തിട്ടുള്ളത്.

ഇനി എടുത്തു പറയേണ്ട മറ്റൊരു കാര്യം, നമ്മൾ പഠിച്ചിട്ടുണ്ട്.

''സർവ്വം ച രോഗം പ്രശമായ കർമ്മം
ഹീനാതിമാത്രം വിഷമം ചകാലം
മിധ്യോപചാരാശ്ച നതംവികാരം
ശാന്തിം നയേത് പത്ഥ്യമപി പ്രയുക്തം''

അപ്പൊ, സമഗ്രമായ ഒരു കർമ്മത്തെ മനസിലാക്കേണ്ട ആവശ്യകത, പൂർവ്വകർമ്മം എന്താണ്, പ്രധാന കർമ്മം എന്താണ്, പശ്ചാത് കർമ്മം എന്താണ് ഈയൊരു രീതിയിൽ നോക്കുമ്പോൾ വളരെയധികം ആശങ്കകളോടുകൂടി മാത്രമേ ഇത് പറയാൻ പറ്റുള്ളൂ. വ്യാപത്തുകളെ കുറിച്ച് ചക്രദത്തം പറയുന്നേയില്ല. വ്യാപത്തുകളെക്കുറിച്ച് ചക്രദത്തത്തിൽ അതായത് ചരകോക്തമായ വമന വിരേചനം പറയുമ്പോൾ

''ആധ്മാനം പരികർത്തിശ്ച സ്രാവ ഹൃദ് ഗാത്രയോർഗ്രഹാ
ജീവാദാനം സവിഭ്രംശ സ്തംഭ സോപദ്രവക്ലമഃ''

എന്ന് പത്ത് വ്യാപത്തുകൾ പറഞ്ഞിരിക്കുന്നു. സുശ്രുതം പതിനഞ്ച് വ്യാപത്തുകൾ പറഞ്ഞിട്ടുണ്ട്. ഈ വ്യാപത്തുകളെക്കുറിച്ച് ചക്രദത്തം പരാമർശിക്കുന്നില്ല. പ്രയോഗികമായിട്ടുള്ള വ്യാപത്തുക്കളെക്കുറിച്ച് പറയുന്നുണ്ട്. അതായത്, വിരേചനം ചെയ്തു കഴിയുമ്പോൾ വയറുവേദന വരുകയാണെങ്കിൽ എന്തുചെയ്യണം എന്നുള്ള ചെറിയ ചെറിയ പ്രായോഗികമായിട്ടുള്ള വ്യാപത്തുക്കളെ പറയുന്നുണ്ടെങ്കിലും പ്രധാനപ്പെട്ട വ്യാപത്തുകളെ കുറിച്ച് ചക്രദത്തം പറയുന്നില്ല എന്നു തന്നെ ശ്രദ്ധിക്കേണ്ടതാണ്.

അടുത്തതായി അന്വാസന പ്രകരണത്തെക്കുറിച്ചാണ് പറയുവാനുള്ളത്. കായചികിത്സയുടെ അർദ്ധചികിത്സ എന്ന് പുകഴ്ത്തിയിട്ടുള്ള വസ്തി പ്രകരണത്തിലേക്ക് വരുമ്പോഴും സിദ്ധാന്തങ്ങളിലൂന്നിക്കൊണ്ടുള്ള ഒരു ചർച്ച ചക്രദത്തം വസ്തി പ്രകരണത്തിലും നടത്തിയിട്ടില്ല എന്നു തന്നെയാണ് പറയാൻ പറ്റുന്നത്. ഇതിൽ പ്രായോഗികമായി ചില വസ്തികളെ പരിചയപ്പെടുത്തുന്ന രീതിയും പ്രായോഗികത മാത്രം മുൻകണ്ടു കൊണ്ട് വളരെ സംക്ഷിപ്തമായ ഒരു വിവരണമാണ് ചക്രദത്തത്തിൽ വസ്തിക്ക് കൊടുത്തിരിക്കുന്നത്. അനുവാസന വസ്തിയുടെ മാത്ര പറയുമ്പോൾ

''ഷഡ്പലി ച ഭവേത് ജ്യേഷ്ഠാ മദ്ധ്യമാ ത്രിപലീ ഭവേത്
കനീയസീ സാർദ്ധപലാ ത്രിധാ മാത്രാ അനുവാസനേ''

എന്ന് പറഞ്ഞിരിക്കുന്നു. ഇത് സത്യത്തിൽ ചക്രപാണിയുടെ അഭിപ്രായമല്ല. കാരണം, സുശ്രുത സംഹിതയിൽ ഇതേ അവസ്ഥ വരുന്ന സമയത്ത് ഡൽഹണൻ ഇത് പരാശരന്റെ അഭിപ്രായമായിട്ട് ഊീലേ ചെയ്തിട്ടുണ്ട്.

''ഷട് പലിച ഭവേത് ജ്യേഷ്ഠാ മധ്യമാ
ത്രിപലീ ഭവേ കനീയസി സാർദ്ധപലാ''

നമുക്കറിയാം, യാവത് വയോവിശേഷേണ, വയസ്സിലുള്ള കഷായവസ്തിയുടെ 1/4 ആണ് അന്വാസനം. ഈ അന്വാസനത്തിനെ മാത്രയുടെ അടിസ്ഥാനത്തിൽ മൂന്നായിട്ട് തിരിച്ച് പറയുന്നു. ഇത് സുശ്രുത ത്തിന്റെ അഭിപ്രായമാണ്. ഏറ്റവും പ്രായോഗികമായി തോന്നിയിട്ടുള്ള ഒരു നിർദ്ദേശം ഈ മാത്രകളി ലേക്ക് എത്താൻ വേണ്ടി പൂർണ്ണമായ മാത്രയിൽ വസ്തി ചെയ്തു തുടങ്ങേണ്ട ആവശ്യമില്ല എന്നുള്ള താണ്. ഇതാണ് എനിക്ക് ഏറ്റവും യുഗാനുരൂപ സന്ദർഭവും പ്രായോഗികവുമായിട്ട് തോന്നിയിട്ടുള്ളത് എന്ന് എടുത്തു പറഞ്ഞുകൊള്ളട്ടെ. ഉദാഹരണത്തിന് ആറ് പലമാണ് മാത്ര ചെയ്യാൻ ഉദ്ദേശിക്കുന്നതെ ങ്കിൽ രണ്ട് പലത്തിൽ നിന്നു തുടങ്ങി ക്രമേണ അര പലം വെച്ച് വർദ്ധിപ്പിച്ച് ക്രമേണ ആറ് പലത്തി ലേക്ക് എത്തണം എന്നുള്ള ഒരു നിർദ്ദേശം ചക്രദത്തം മുന്നോട്ട് വെയ്ക്കുന്നുണ്ട്. ഇത് വളരെ പ്രായോ ഗികമാണ്. കാരണം, കോഷ്ഠത്തിലേക്ക് സ്നേഹം കൊടുക്കാൻ വേണ്ടിയിട്ട് വിധി ഒന്നേയുള്ളൂ. അപ്പോൾ സംഹിത ഗ്രന്ഥങ്ങൾ നോക്കുകയാണെങ്കിൽ ''താനേവ ദോഷാൽ പരിരക്ഷിതായേ സ്നേഹ സ്യപാനേ പരികീർത്തിത പ്രാക്'' എന്നെടുത്തു പറഞ്ഞിരിക്കുന്നു. അതായത്, അന്വാസന വസ്തി ചെയ്യുമ്പോൾ സ്നേഹപാനത്തിൽ പറഞ്ഞ വിധികൾ മുഴുവൻ മനസ്സിലാക്കി കൊണ്ടും, അതിനെ അധി കരിച്ചു കൊണ്ടും തന്നെയാണ് അന്വാസന വസ്തി ചെയ്യേണ്ടത് എന്ന് എടുത്തു പറഞ്ഞിരിക്കുന്നു. പ്രയോഗികമായിട്ട് കണ്ടുവരുന്ന ഒരു വളരെ പ്രധാനപ്പെട്ട ഒരു വ്യാപത്ത് സ്നേഹം കൊടുത്തു, അധികം നേരം നിൽക്കാതെ തന്നെ പുറത്തു വരുന്നു. ഇത് പല കാരണങ്ങൾ കൊണ്ട് സംഭവിക്കാം ''പ്രണീതമാത്ര പുനരേതവസ്തി'' എന്തു കൊണ്ടൊക്കെ ഉണ്ടാവുന്നുണ്ട് എന്ന് നോക്കി കഴിഞ്ഞാൽ ധാരാളം കാരണങ്ങൾ പറയാനുണ്ട്. 'പ്രപ്തേതു വർച്ചേ അനിലമൂത്രവേഗേ വാതേതി വൃദ്ധേ അല്പബലേ ഗുദേച'' ഇങ്ങനെ ധാരാളം കാരണങ്ങൾ പറയാനുണ്ട്. ഇതൊന്നുമില്ലെങ്കിലും, ദീഹല്യമിരല ഇല്ലെങ്കിൽ അഗ്നിക്ക് ബലമില്ലെങ്കിൽ കോഷ്ഠത്തിൽ സ്നേഹത്തിനെ ഗ്രഹിക്കാൻ ഉള്ള ഇമുമരശ്യേ ഇല്ലെങ്കിൽ സ്നേഹം കൊടുത്താൽ ഉടൻ തന്നെ തിരിച്ചു പോരും. അപ്പോ പ്രായത്തിനനു സരിച്ചുള്ള കഷായ വസ്തിയുടെ നാലിലൊന്ന് മാത്ര ഒറ്റടിക്ക് ചെയ്യുമ്പോൾ ഉണ്ടാവാൻ സാധ്യതയുള്ള വ്യാപത്തുകളെ അപ്രായോഗികമായ വ്യാപത്തിനെ മറികടക്കാനുള്ള നിർദ്ദേശമായിട്ടുവേണം ഇതിനെ മനസ്സിലാക്കാൻ. വസ്തി ദ്രവ്യം, നേത്രപ്രമാണം, പുടകം, നിരൂഹ വസ്തിയുടെ അളവുകൾ, പ്രണിധാ നവിധി, പശ്ചാത് കർമ്മങ്ങൾ എന്നിവയുടെ വിവരണം പ്രധാനമായും ചരക സംഹിതയെ ആശ്രയിച്ചും, പദാനുപദം അനുകരിച്ചു കൊണ്ടുമാണ് വിവരിക്കുന്നത്.

സ്നേഹ വസ്തിയുടെ ആറ് വ്യാപത്തുകൾ അതായത് ഇത് ഏറ്റവും പ്രായോഗികമായ മറ്റൊരു സംഗതിയാണ്. നമ്മൾ ക്ലിനിക്കുകളിൽ വസ്തി ചെയ്യുന്ന സമയത്ത് പലപ്പോഴും ഇതു നോക്കാത്തതു കൊണ്ടാണ് കാണാത്തത്. ഉദാഹരണത്തിന്,

''വാതപിത്തകഫജന്യ പുരീഷേരാവൃതസ്യചാ,
അഭുക്തേതേ പ്രണീതസ്യ സ്നേഹവസ്തേഷടാവധാ'' എന്നു പറഞ്ഞിരിക്കുന്നു. ഇതിൽ എന്തു കൊണ്ടാണ് ഇത് ഉണ്ടാവുന്നത് എന്ന് അടുത്ത ലൈനിൽ പറയുന്നുണ്ട്.

''ശീതേ അൽപ്പേവാ അധികേ വാതേ
പിത്തേ അത്യുഷ്ണ കഫേ മൃദു
അതിഭുക്തേ ഗുരുവർച്ച സഞ്ചയേ

അല്പബലസ്ഥത
ഇതസ്ഥസ്ഥേരാവൃതസ്നേഹാ''

എന്നു പറയുന്ന വ്യാപത്തുകൾ പ്രായോഗികമായി നടക്കാറുണ്ടെങ്കിലും നമ്മുടെ സൂക്ഷ്മത കുറവു കൊണ്ടും നമ്മുടെ മലൈൊലിഭ ന്റെ കുറവു കൊണ്ടുമായിരിക്കണം ഇത് കാണാത്തത്. ഇത് വളരെ പ്രായോഗികമായ വ്യാപത്തുകളാണ്. എന്നാൽ ഈ വ്യാപത്തുകളെക്കുറിച്ചും ചക്രദത്തം പരാമർശിക്കുന്നില്ല.

എടുത്തു പറയേണ്ട ഒരു വ്യത്യാസം സ്നേഹവസ്തി തിരിച്ചു വന്നില്ലെങ്കിൽ സംഹിതാഗ്രന്ഥങ്ങൾ ഒരേ ടോണിൽ പറയുന്നത് കഷായവസ്തി ചെയ്യണമെന്നാണ്. 'സമൂത്രേ ക്ഷാരവിർസ്തീക്ഷ്ണേ' ആയിട്ടുള്ള കഷായ വസ്തി ചെയ്യണം എന്നാണ്. എന്നാൽ ചക്രദത്തത്തിൽ തീക്ഷ്ണ ദ്രവ്യങ്ങൾ കൊണ്ട് സംസ്കരിച്ച സ്നേഹവസ്തി തന്നെ വീണ്ടും ചെയ്യണം എന്നുള്ള നിർദ്ദേശം വളരെ വ്യത്യസ്തമായി തോന്നിയതു കൊണ്ട് നിങ്ങളുടെ മുന്നിൽ ഞാൻ അവതരിപ്പിക്കുകയാണ്.

ഞാൻ മുമ്പു പറഞ്ഞു,ഗൃധ്രസി പ്രകരണത്തിൽ വമനമില്ലാതെ ഊർദ്ധ്വശോധനയില്ലാതെയുള്ള വസ്തി പ്രകരണങ്ങൾ വസ്തിപോലുള്ള ചികിത്സകൾ നിഷ്പ്രയോജനമാണെന്ന് ഇതാണ്,

''നാ□ ദൗ വസ്തി വിധിം കുര്യാ
ദ്യാവതൂർദ്ധ്വം ന/ശുദ്ധ്യതി
സ്നേഹോ നിരർത്ഥക സ്തസ്യ
ഭസ്മന്യേ വാഹുതിൽ യഥാ''

എന്നാണ് ശാസ്ത്രഭാഗം. ഇതൊരു തർക്കവിഷയമാണ് എന്ന് പറയുകയുണ്ടായി. ഇതിൽ എനിക്ക് തോന്നുന്നത്, ദോഷാധിക്യത്തിലുള്ള സ്രോതോരോധം കൊണ്ട് സ്നേഹവീര്യം ശരീരത്തിൽ വ്യാപിക്കില്ല എന്നുള്ളതു കൊണ്ടായിരിക്കണം വസ്തിയുടെ പൂർവ്വ കർമ്മങ്ങളായി ശോധന ചികിത്സയെ ചക്രദത്തം എടുത്ത് പറയുന്നത്. അതായത് നമ്മൾ ശ്രദ്ധിച്ചാൽ അറിയാം നിരൂഹവസ്തി പറയുമ്പോൾ അല്ലെങ്കിൽ അനുവാസനവസ്തിയുടെ സമ്യക് ലക്ഷണങ്ങൾ പറയുമ്പോൾ ''നിരൂഹശോധിതേ ന്മാർഗാൻ സമ്യ സ്നേഹോ, അനുസർപ്പതി'' എടുത്തു പറയുന്നത് അപ്പോൾ ശോധനമില്ലാതെ ബഹു ദോഷാവസ്ഥയിൽ സ്രോതോരോധം കൊണ്ടുള്ള അവസ്ഥയിൽ സ്നേഹവസ്തി ഗൃധ്രസി പോലുള്ള അവസ്ഥയിൽ ദീപനപാചനങ്ങൾ കൊണ്ട് കോഷ്ഠത്തിൽ ആമഹരണം വരുത്താതെ അന്വാസനവസ്തി ചെയ്യരുത് എന്നുള്ള ഒരു നിർദ്ദേശം ആയിരിക്കാം ഇതിന്റെ കാരണം. അർഹാനർഹന്മാരെ അഷ്ടാംഗ ഹൃദയത്തിൽ നിന്നുള്ള ശ്ലോകങ്ങൾ കൊണ്ട് പറഞ്ഞു കൊണ്ട് സ്നേഹ വസ്തിയുടെ അധ്യായം അവസാനിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്.

നിരൂഹവസ്തി പ്രകരണത്തിൽ മധ്യാഹ്നേ കിഞ്ചിദാവർത്തേ എന്നുള്ളത് പഠിക്കുന്ന സമയത്ത് ഏറ്റവും രീമ്യേിലൃശെമഹ ആയിട്ടുള്ള ഒരു ഭൗശര ആയിട്ടാണ് തോന്നിയത്. മധ്യാഹ്നം എന്നു പറയുന്നത് എന്താണെന്നുള്ളത്, ഇപ്പോൾ ആനുകാലികങ്ങളായിട്ടുള്ള ഗ്രന്ഥങ്ങൾ പരിശോധിക്കുമ്പോൾ വളരെ ആർത്തിയോടെ തന്നെ എന്നു പറയാം എടുത്തു നോക്കിയിട്ടുണ്ട്, ചക്രദത്തം എന്താണ് പറഞ്ഞിട്ടുള്ളത്. എന്നാൽ, നമ്മളെ നിരാശരാക്കി കൊണ്ട് മധ്യാഹ്നേ കിഞ്ചിതാവർത്തേ തന്നെ പറഞ്ഞു കൊണ്ട് മറ്റൊന്നും പറയാതെ ചക്രദത്തം മുന്നോട്ടു പോവുകയാണ് ചെയ്തിരിക്കുന്നത്.

രസകരമായി തോന്നിയ മറ്റൊരു വസ്തുത, ''മാക്ഷികം, സൈന്ധവം, സ്നേഹം, കൽക്കം ക്വാഥ മിതിക്രമാത്'' എന്നുള്ള പ്രസിദ്ധമായ ശ്ലോകം ചക്രപാണി പറയുന്നുണ്ട്. എന്നാൽ, ഇവിടെ സൈന്ധവം വിട്ടുപോയി. 'മധു സ്നേഹന കൽക്കാഠ്യ കഷായ ആവാപതക്രമ' എന്ന് സംയോജനക്രമം പറഞ്ഞ പ്പോൾ സൈന്ധവം ചേർക്കാതെയാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ഇതു കഴിഞ്ഞ് നിരൂഹ വസ്തി ദ്രവ്യ നിർമ്മാണ വിധിയിൽ സുശ്രുതമതം അനുസരിച്ച് വ്യാഖ്യാനിക്കുമ്പോൾ സൈന്ധവം ചേർത്തു തന്നെയാണ് പറഞ്ഞിട്ടുള്ളത്. പ്രസിദ്ധമായ ആ ശ്ലോകം നമുക്കറിയാം. എന്നാൽ, അതിലും എടുത്തുപറ യേണ്ട ഒരു കാര്യം എന്താണെന്നുവെച്ചാൽ,

''ദത്താദ്വാ സൈന്ധവസ്യക്ഷം മധുനാ പ്രസൃതേർദ്വയം
നീർമദ്യ തതോ ദദ്യാത് സ്നേഹസ്യ പ്രസൃതി ത്രയം
ഏകഭൂത തത കൽക്കസ്യപ്രസൃതിം ക്ഷിപേത്''

എന്ന് പറഞ്ഞു തുടങ്ങുന്ന ശ്ലോകത്തിൽ ചക്രപാണി കുറച്ച് വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ട്. അതായത് മധുവിന്റെയും തൈലത്തിന്റെയും അളവ് 2 പ്രസൃതം എന്ന് നിജപ്പെടുത്തിക്കൊണ്ട് കഷായം അഞ്ച് പ്രസൃതമായി വർദ്ധിപ്പിച്ചിരിക്കുന്നു. ഇത് സുശ്രുത സമ്മതമാണ്. സുശ്രുത സമ്മതമായ ഒരു വസ്തി തന്നെയാണ്. എന്നാൽ ശ്ലോകത്തിന്റെ ആഖ്യാനക്രമത്തിൽ സുശ്രുതനെ പദാനുപദം അനുകരി ച്ചുകൊണ്ട് എന്നാൽ അളവിൽ വ്യത്യാസം വരുത്തിക്കൊണ്ടാണ് കഷായവസ്തിയുടെ ദ്രവ്യങ്ങളെ പറ യുന്നത്. മധുതൈലങ്ങളെ സംയോജിപ്പിക്കുമ്പോൾ വസ്തിക്കുണ്ടാവുന്ന ഒരു യാപന സ്വഭാവത്തെ കഷായത്തിന്റെ അളവ് വർദ്ധിപ്പിച്ചു കൊണ്ട് മറികടക്കാനുള്ള ശ്രമമാണ് ചക്രദത്തം നടത്തിയിട്ടുള്ളത് എന്നു തോന്നുന്നു.

പിന്നെ, എടുത്തു പറയേണ്ട മറ്റൊരു കാര്യം നിരൂഹവസ്തിയുടെ ഒരു സമ്യക് ലക്ഷണമാണ് ഇത് വളരെ ശ്രദ്ധേയമായ ഒരു ശ്ലോകമാണ്.

''ന ധാവത്യൗഷധം പാണിം ന തിഷ്ഠത്യവലിപ്യ ച
ന കരോതി ന സീമന്തം സ നിരൂഹ സുയോജിതഃ''.

എന്നാൽ ഇത്രയും തെറ്റായി വ്യാഖാനിച്ചിട്ടുള്ള വേറൊരു ശ്ലോകം ഇല്ലതന്നെ. മൂന്ന് കാര്യങ്ങൾ മാത്രമേ അതിൽ പറയുന്നുള്ളൂ. 'ന ധാവേദ് ഔഷധം പാണിം' ധാപനം എന്നുള്ള വാക്കിന് കഴുകുക അല്ലെ ങ്കിൽ ഒഴുകുക എന്നൊക്കെ അർത്ഥം പറയുമ്പോൾ, അതി അച്ഛം ആവരുത് എന്നുള്ള ഒരു നിർദ്ദേശം മാത്രമേ ഇതിനർത്ഥമുള്ളൂ. നമ്മൾ വസ്തിദ്രവ്യം കൂട്ടിയതിന് ശേഷം കയ്യിൽ എടുക്കുകയാണെങ്കിൽ പച്ചവെള്ളം പോലെ ഒഴുകി പോകരുത്. അപ്പോൾ അതിയായിട്ട് അച്ഛം ആവരുത്. ഈ ഒരു നിർദ്ദേശം മാത്രമേ ഇതിൽ ഉൾക്കൊണ്ടിട്ടുള്ളൂ. പിന്നെ 'ന തിഷ്ഠേത് അവലിപ്യ ച' എന്ന് പറയുമ്പോൾ അച്ഛ ത്തിന്റെ ീ്യൂീശെലേ സാന്ദ്രം അതിസാന്ദ്രം ആവരുത് എന്ന് പറയുമ്പോൾ അമിതമായി കട്ടിയാവരുത് എന്ന് മാത്രമേ ഇതിനർത്ഥമുള്ളൂ. ഏറ്റവും രസകരമായി തോന്നിയത്, 'കരോതി ന ച സീമന്തം' എന്നുള്ള നിർദ്ദേശമാണ്. ഇത് വ്യാഖ്യാനിച്ച് വ്യാഖ്യാനിച്ച് വായിക്കുന്ന വിദ്യാർത്ഥിയെ ആശയകുഴപ്പ ങ്ങളുടെ ലോകത്തേക്ക് മാത്രമാണ് നയിക്കുന്നത്. ഇതിൽ ആശയക്കുഴപ്പത്തിന് യാതൊരു അടിസ്ഥാന വുമില്ല. കരോതി നച സീമന്തം എന്നു പറഞ്ഞു കഴിഞ്ഞാൽ പ്രായോഗികമായി വസ്തി കൂട്ടി കഴിയു മ്പോൾ കൽക്കൻ ചേർത്ത് നെയ്യും തേനും കൂടെ ശരിക്ക് യോജിച്ചിട്ടില്ല എന്നുണ്ടെങ്കിൽ അതിന്റെ

മോളില് വേറിട്ട് നിൽക്കുന്നത് നമുക്ക് കാണാം. സീമന്തം എന്ന് പറഞ്ഞാൽ അതിർത്തി എന്ന് പറയാം. രണ്ട് ദ്രവ്യങ്ങൾ തമ്മിൽ അതിർത്തി ഉണ്ടെങ്കിൽ അത് സാംയോജിതമായ വസ്തിയല്ല. ഇത്തരം ഒരു നിർദ്ദേശം മാത്രമേയുള്ളൂ. എന്നാൽ വ്യാഖ്യാനങ്ങളിൽ നമ്മൾ നോക്കുമ്പോൾ, ഈ വസ്തി ദ്രവ്യത്തിൽ വരച്ച് നോക്കണം എന്നൊക്കെ പറഞ്ഞതായിട്ട് കാണുന്നു. എന്നാൽ ഇതൊന്നും പ്രായോഗികമല്ല എന്നു പറഞ്ഞുകൊള്ളട്ടെ. വളരെ ശൊുഹല ആയിട്ട് മനസിലാക്കേണ്ട കാര്യമാണ്. 'കരോതി ന ച സീമന്തം' എന്ന് പറഞ്ഞു കഴിഞ്ഞാൽ സുയോജിതമായ വസ്തിയിൽ ദ്രവ്യങ്ങൾ വേറിട്ട് കാണില്ല. ഒന്നായി യോജിച്ച് നിൽക്കുന്നതുകൊണ്ട് അതിൽ അതിർത്തികൾ (സീമന്തം) ഇല്ല എന്നു തന്നെയാണ് അർത്ഥം.

പിന്നെ എടുത്തു പറയേണ്ട മറ്റൊരു കാര്യം കഷായവസ്തിയുടെ പശ്ചാത് കർമ്മങ്ങൾ ആണ്. പ്രായോഗികമായിട്ട് പശ്ചാത് കർമ്മങ്ങൾ ഒന്നും പറയാറില്ല. കഷായവസ്തി ചെയ്തു ുമശേലിဧ നോട് നേരെ കിടക്കാൻ പറയുന്നു. വേഗങ്ങൾ വിസർജിക്കണംന്ന് തോന്നുമ്പോൾ എഴുന്നേറ്റ് ഉത്കടകാസന ത്തിൽ ഇരുന്ന് വിസർജ്ജിക്കാനാണ് പറയുന്നത്. എന്നാൽ ഇതിൽ നിന്ന് വ്യത്യസ്തമായി ഇത് എത്ര സമയം നിൽക്കണം എന്നുള്ള ഒരു നിർദ്ദേശം അഷ്ടാംഗഹൃദയകാരൻ അഷ്ടാംഗഹൃദയത്തിൽ പറയു ന്നത്

''ത്രിംശന്മാത്രാകാലം പീഡനമാഹു അന്യേ/ആചാര്യഃ''

എന്നാണ്. ഇവിടെ തന്ത്രയുക്തികളെ കുറിച്ച് എന്നേക്കാൾ നന്നായിട്ട് വിശദീകരണം നൽകാൻ ഡോ. മനോജ് ഉണ്ട്, എന്നാലും എനിക്ക് തോന്നിയിട്ടുള്ളത് പലപ്പോഴും അഷ്ടാംഗഹൃദയകാരൻ ഒരു അഭി പ്രായം ഇതിനോട് യോജിപ്പുണ്ട്. എന്നാൽ ഇത് പൂർണ്ണമായി അംഗീകരിക്കുന്നില്ല. അപ്പോ ഇത് വിട്ടുകള യാനും പറ്റില്ല. ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽ അന്യേ ആചാര്യാഃ പുനഃ പഠന്തേ എന്ന ഒരു ശാസ്ത്ര ലക്ഷണത്തിൽ പറയുന്ന ഒരു രീതിയുണ്ട്. ഇതിൽ പറഞ്ഞിരിക്കുന്നത് ത്രിംശൻ മാത്രാകാല പീഡനകാലമാഹു 30 മാത്രകാലത്തിന് പീഡനകാലമാകുന്നു. പീഡന കാലത്തിന് 2 വ്യാഖ്യാനങ്ങൾ ഉണ്ട്. ഒന്ന് വസ്തിദ്രവ്യങ്ങൾ ഞെക്കി അകത്തു കയറ്റാനുള്ള സമയം. ഇത് 30 മാത്രയായിട്ടാണ് നമ്മൾ പഠിച്ചും പഠിപ്പിച്ചും വരുന്നത്. എന്നാൽ സുശ്രുതസംഹിത നോക്കുകയാണെങ്കിൽ ഇതിൽ നിന്ന് ഒരുപടി മുന്നോട്ട് പോയതായിട്ട് കാണാം. വസ്തി ദ്രവ്യത്തിൽ വസ്തിനേത്രം പിൻവലിച്ചതിനു ശേഷം 30 മാത്രാ കാലമിരുന്നതിനു ശേഷം ഉത്കടകാസനത്തിൽ ഇരിക്കുക എന്നുള്ള ഒരു വിധി കാണുന്നു. ഇത് എന്തി നാണെന്ന് ചോദിച്ചു കഴിഞ്ഞാൽ

''പ്രത്യാഗതേ ദ്വിതീയം വാ ത്രിതീയംവ പ്രതാപയേത്
യാവത് വാ സുനിരൂഢകഃ''

എന്ന് നമ്മൾ ആരും ചെയ്യാത്ത, എനിക്കറിഞ്ഞു കൂടാ ആരെങ്കിലും ഇന്ന് ചെയ്യുന്നുണ്ടോ എന്ന്. അഹേലമഭെ രീഹഹലഴല കളെ ആശ്രയിച്ച് ആരും ചെയ്യാത്ത ഒരു രീതി ഈ ഒരു വിധിയിലൂടെ ഈസിയായിട്ട് നമുക്ക് ചെയ്യാൻ പറ്റും. ഇവിടെ ഇതേ ഒരു അഭിപ്രായമാണ് ചക്രദത്തം എടുത്തിട്ടുള്ളത്. ഇവിടെ ശ്രദ്ധിക്കേണ്ടത് ഡൽഹണൻ വളരെ വ്യക്തമായി തന്നെ പറഞ്ഞിട്ടുണ്ട്, വസ്തി ചെയ്തതിനു ശേഷം കോഷ്ഠത്തിനനുസരിച്ച് മൃദുകോഷ്ഠത്തിൽ മുപ്പത് മാത്ര, മധ്യമ കോഷ്ഠത്തിൽ എഴുപത് മാത്ര, ക്രൂരകോഷ്ഠത്തിൽ 100 മാത്ര കാത്തതിനു ശേഷം എഴുന്നേറ്റ് ഉത്കടകാസനത്തിൽ ഇരിക്കണം എന്നുള്ള ഒരു വിധിയാണ്. ഇത് പ്രായോഗികമായി ചെയ്യാൻ പറ്റുന്ന ഒരു കാര്യമാണെന്നും, പറഞ്ഞു

കൊള്ളട്ടെ. തുടർന്ന് സമ്യക് ലക്ഷണം യോഗ, അയോഗ, അതിയോഗ ലക്ഷണങ്ങൾ ദോഷാനുസാരേണ വസ്തി പ്രയോഗം, കഷായവസ്തിയുടെ അപ്രത്യാഗമന ചികിത്സകൾ, അതിപീഡനവ്യാപത് എന്നിവ സംഹിതാഗ്രന്ഥങ്ങളെ ആശ്രയിച്ചാണ് പറഞ്ഞിരുന്നത്.

ചക്രദത്തത്തിന്റെ വിശിഷ്ടമായ സംഭാവന എന്ന് പറയാവുന്നത്, പറയാവുന്നത് എന്ന് പറയാൻ പറ്റില്ല, പറഞ്ഞു കാണുന്നത് അർദ്ധ മാത്രിക വസ്തിയും, വൈതരണ വസ്തിയും, ക്ഷാരവസ്തിയുമാണ്. ഇതിൽ ക്ഷാരവസ്തി സുശ്രുതത്തിലുണ്ട്. വൈതരണത്തെക്കുറിച്ച് ഞാൻ സംസാരിക്കില്ല. കാരണം, നമുക്ക് വൈതരണത്തെക്കുറിച്ച് ആത്യന്തികമായി പഠിച്ചിട്ടുള്ള ഒരു ടരവീഹമ്യ നമ്മുടെ കൂടെയുണ്ട്. അദ്ദേഹം വൈതരണത്തെക്കുറിച്ച് സംസാരിക്കുന്നതാണ്.

അർദ്ധമാത്രികം എന്നുള്ള ഒരു വസ്തി പറഞ്ഞു കാണുന്നു. ഇത് വളരെ വളരെ ഉപയോഗമുള്ള ഒരു വസ്തിയാണ്.

''ദശമൂലീ കഷായേണ ശതാഹ്വാക്ഷം പ്രയോജയേത്
സൈന്ധവാക്ഷം ച മധുനോ ദ്വിപലം ദ്വിപലം തഥാ
തൈലസ്യ പലമേകം തു ഫലസ്യൈകത്ര യോജയേൽ
അർദ്ധമാത്രിക സംജ്ഞോ □ യം വസ്തിർദ്ദേയോ
നിരൂഹവൽ''

ഇതിൽ ശ്രദ്ധിക്കേണ്ട ഭാഗം,

''ന ച സ്നേഹോ ന ച സ്വേദോ പരിഹാരവിധിർ ന ച
ആത്രേയാനുമതോ ഹ്യേഷ സർവ്വരോഗ നിവാരണ''

ഇതിൽ എനിക്ക് പറയുവാനുള്ളത് ആത്രേയാനുമതം എന്നു പറയുമ്പോൾ നമ്മൾ ആദ്യം അന്വേഷിക്കുന്നത് ചരകത്തിൽ എന്തു പറഞ്ഞിട്ടുണ്ടോ എന്നാണ്. ആത്രേയാനുമതമായിട്ട് നമുക്ക് 6 ഗ്രന്ഥങ്ങൾ ഉണ്ട് എന്ന് അറിയാം. എന്നാൽ ഇതിൽ പലതും നമുക്ക് കിട്ടാറില്ല. ''അഗ്നിവേശശ്ച ഭേളശ്ച ജാതൂകർണ്ണ പരാശരാ ഹാരിത ക്ഷാരപാണിശ്ച'' ഇങ്ങനെ ആറ് ശിഷ്യന്മാരുണ്ട് അപ്പോൾ ആത്രേയാനുമതമായി ആ ഗ്രന്ഥങ്ങളുണ്ടായിരിക്കുന്നു. എന്നിരുന്നാലും ചരകത്തിൽ ഇങ്ങനൊരു വസ്തി പറയുന്നില്ല.

അപ്പോൾ ഈ വസ്തി യാപന വസ്തിയാണ്. യാപന വസ്തികളെ കുറിച്ച് പറയുമ്പോൾ വളരെ വ്യക്തമായി തന്നെ ചരകൻ യാപന വസ്തിക്ക് പരിഹാരക്രമം പറയുന്നുണ്ട്.

''വ്യായാമം മൈഥുനം മദ്യം മധൂനി ശിശിരാംബു ച
സംഭോജനം രഥക്ഷോഭോ വസ്തീഷ്വേതേഷു ഗർഹിതം.''

എന്ന് എടുത്തു പറയുന്നുണ്ട്. അപ്പോൾ പരിഹാരക്രമങ്ങൾ ഉള്ളതാണ് ചരകത്തിലെ യാപന വസ്തി. ഇതിന് വ്യാപത്തുമുണ്ട്. ആത്രേയാനുമതമായി ഇങ്ങനെ ഒരു വസ്തി ഇല്ല എന്നു തന്നെ പറയേണ്ടിവരും. എന്നാൽ, ഇത് വളരെ അടുത്തു നിൽക്കുന്നത് സുശ്രുതസംഹിതയുടെ യാപനവസ്തികളോ

ടാണ്. സുശ്രുത സംഹിതയുടെ യാപന വസ്തി നോക്കിക്കഴിഞ്ഞാൽ വളരെ കൃത്യമായിട്ട് തന്നെ പരാമർശമുണ്ട്.

''യാനസ്ത്രീഭോജ്യപാനേഷു നിയമശ്ചത്രോ ന യുജ്യതേ
ഫലം ച വിപുലം ദൃഷ്ടം വ്യാപതാനം ച യ സംഭവാഃ''

ഈ രണ്ട് പരാമർശങ്ങളിൽ നിന്നും ഈ വസ്തി കൂടുതലും സുശ്രുതസംഹിതയിലെ യാപന വസ്തികളുടെ കൂടെയാണ് നിൽക്കുന്നത് എന്ന് പറയാം.

പിന്നെ എടുത്തു പറയേണ്ടത് വൈതരണ വസ്തിയാണ്. നമുക്കറിയാം പ്രസിദ്ധമായ വൈതരണ വസ്തി.

''പലശുക്തി കർഷ കുഡവൈരമ്ലീ ഗുഡസിന്ധു ജന്മ
ഗോമൂത്രൈഃ
തൈലയുതോ□യം വസ്തിഃ ശൂലാനാഹാമവാതഹരഃ''

ഇത് ഏറ്റവും പ്രായോഗികമായി വേദന പ്രധാനമായ ആമാവസ്ഥയിൽ നമ്മൾ ഉപയോഗിച്ചു വരുന്നതാണ്. മുമ്പ് മാഡം ഒരു പി.സി.ഒ.ഡി.യിൽ അത് ഉപയോഗിക്കുന്ന കാര്യം പറഞ്ഞു. എനിക്ക് തോന്നുന്നത് അപാനസ്ഥമായിട്ട് കഫകോപമുള്ളപ്പോൾ അതായത്, സ്ഥാനിവാതവും ആഗന്തു കഫവുമായി നിൽക്കുന്ന സമയത്ത് ഈ വസ്തിക്ക് അനുപമമായിട്ടുള്ള റിസൾട്ട് ആണ് ഉള്ളത്.

വസ്തിയുടെ മറ്റു വ്യാപത്തുകൾ നേത്രം, പുടകം, ദവ്യം, പ്രണിധാനം എന്നു തുടങ്ങിയ വ്യാപത്തുകൾ ചക്രദത്തം പറയുന്നില്ല. ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം വസ്തിയുടെ കാർമ്മികതയെകുറിച്ച് ചർച്ചയും ചക്രദത്തം നടത്തിയിട്ടില്ല.

വളരെയധികം ശ്രദ്ധ പതിപ്പിക്കേണ്ട ഒരു സ്ഥലം ചക്രദത്തത്തിൽ പറഞ്ഞിട്ടുള്ളത് പ്രചാരത്തിൽ ഇല്ലാത്തതു കൊണ്ട് ചരകാദികളിൽ പറഞ്ഞിട്ടുള്ള ആയിരക്കണക്കിന് വസ്തികൾ ഞാൻ (ചക്രപാണി) ചക്രദത്തത്തിൽ പറയുന്നില്ല എന്നുള്ള ഒരു പരാമർശം ആ കാലഘട്ടത്തിൽ ഞാൻ മുമ്പ് സൂചിപ്പിച്ച പോലെ ആ കാലഘട്ടത്തിലുള്ള ശോധന ചികിത്സയുടെ ചിത്രമാണ് വരച്ചു കാണിക്കുന്നത്.

തുടർന്ന് നസ്യ വിധിയിൽ നസ്യത്തെ, പ്രതിമർശം അവപീഡനം, അവപിണ്ഡനസ്യം, പ്രധമനം, ശിരോവിരേചനം എന്നിങ്ങനെ അഞ്ച് ആയി തരം തിരിച്ചിട്ടുണ്ട്. പ്രതിമർശത്തിന്റെ വിവരണവും അവപീഡന നസ്യത്തിന്റെ ലക്ഷണങ്ങളും വേഗങ്ങളും ഹൃദയത്തെ അധികരിച്ചാണ് പറയുന്നത്. നസ്യത്തിന്റെ മാത്ര പറയുമ്പോൾ ചരകസംഹിത അല്ലെങ്കിൽ അഷ്ടാംഗഹൃദയത്തിനെ അനുകരിച്ചു കൊണ്ട് ബിന്ദുക്രമത്തിലും സുശ്രുതനെ അനുകരിച്ചു കൊണ്ട് ശുക്തി, പാണിശുക്തി എന്ന ക്രമത്തിലും രണ്ട് രീതിയിലും പറഞ്ഞിട്ടുണ്ട്. നസ്യവിധി, പൂർവ്വ പശ്ചാത് കർമ്മങ്ങൾ, യോഗ, അയോഗ, അതിയോഗ ലക്ഷണങ്ങൾ, അർഹർ എന്നിവ സംഹിതാഗ്രന്ഥങ്ങളെ പദാനുപദം അനുകരിച്ച് വിവരിച്ചിരിക്കുന്നു.

പറയാതിരുന്നത് നസ്യത്തിന്റെ നിരുക്തി കാർമ്മുകത, ശോധനം, ശമനം, ബൃംഹണം തുടങ്ങിയിട്ടുള്ള ഭേദങ്ങൾ പറഞ്ഞിട്ടില്ല.

നസ്യത്തിലും പരിഷ്കരിച്ച ഒരു പതിപ്പായ വളരെ പ്രായോഗികമായി ചെയ്തു വരുന്ന ഒരു രീതി നാസാപാനം എന്നുള്ള തരത്തിൽ വിവരിക്കുന്നു. മാഷ, ബലാ തുടങ്ങിയ ദ്രവ്യങ്ങളുടെ കഷായത്തിൽ ലവണം ചേർത്ത് കോഷ്ണമായി നാസാപാനമായി വിധിച്ചിട്ടുണ്ട്. വളരെയധികം ഉപയോഗമുള്ളതും കർണ്ണാടകയിൽ പല സ്ഥലത്തും ചെയ്യുന്നുണ്ടെന്ന് എനിക്കറിയാം.

അപബാഹുക ചികിത്സയിൽ മാംസരസം കൊണ്ട് ഒരു മാസം നസ്യം ചെയ്യാൻ വിധിച്ചിരിക്കുന്നത് വളരെ ശ്രദ്ധേയമാണ്.

അതുപോലെ ധാരാളം പ്രയോഗങ്ങൾ പറയാനുണ്ട്. എന്നാൽ സമയ ക്ലിപ്തത കൊണ്ട് ഞാൻ പറയുന്നില്ല. ഗണ്ഡമാല ചികിത്സയിൽ നിർഗുണ്ഡിസ്വരസം, കോശാതകിസ്വരസം കൊണ്ടുള്ള നസ്യം വളരെ ശ്രദ്ധേയമായി തോന്നി.

ധൂമപാനം കേവലം പത്ത് ശ്ലോകങ്ങൾ കൊണ്ടാണ് പറഞ്ഞിരിക്കുന്നത്. പ്രധാനമായും അഷ്ടാംഗഹൃദയത്തെ അധികരിച്ചു കൊണ്ടാണ് പറഞ്ഞിട്ടുള്ളത്.

കബളഗണ്ഡൂഷത്തിന്റെ വിവരണം കേവലം ആറ് ശ്ലോകങ്ങൾ കൊണ്ട് പറഞ്ഞ് അവസാനിപ്പിച്ചിരിക്കുന്നു.

ആശ്ച്യോതനം, അഞ്ജനം, തർപ്പണം, പുടപാകം എന്നീ ക്രിയാക്രമങ്ങളെ ഒരധ്യായത്തിൽ പ്രധാനമായും അഷ്ടാംഗഹൃദയത്തെ ആശ്രയിച്ചു കൊണ്ട് വ്യത്യസ്തമായി ഒന്നും പറയാത്തതു കൊണ്ടാണ് ഞാൻ എടുത്തു പറയാത്തത്.

ഇവിടെ ഞാൻ പഞ്ചകർമ്മങ്ങളെ കുറിച്ചുള്ളൊരു സമഗ്രമായ ചർച്ച എന്നുള്ളതിലുപരി ചക്രദത്തത്തിന്റെ കാഴ്ചപ്പാടിലൂടെ പഞ്ചകർമ്മങ്ങളെ കാണാനുള്ള ശ്രമമാണ് നടത്തിയിട്ടുള്ളത്. വളരെയധികം സമഗ്രമായ ഒരു കർമ്മം ചർച്ച ചെയ്യാൻ വേണ്ടി ഉപയോഗപ്രദമായ ഗ്രന്ഥമല്ല ചക്രദത്തം എന്നിവിടെ പറഞ്ഞു കൊള്ളട്ടെ.

പ്രായോഗികതക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ചില മാത്രകളെ മാത്രം പറഞ്ഞു കൊണ്ട് പ്രത്യേക ചില ചികിത്സകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു രചനാശൈലിയാണ് ചക്രദത്തം അവലംബിച്ചിരിക്കുന്നത്. തുടർന്ന് 'തദ്വിദ്യ സംഭാഷ  ബുദ്ധിവർദ്ധനാനാം എന്ന ആചാര്യ വർണ്ണം സ്മരിച്ചു കൊണ്ട് വിനപുരസ്സരം ഞാനീ പ്രബന്ധം തുടർ ചർച്ചകൾക്കായി അവതരിപ്പിച്ചു കൊള്ളുന്നു. നന്ദി.